920

137.

# വിധിയോടു പൊരുതിയ ചില ധീരാത്മാക്കൾ.

കോട്ടായി കുമാരൻ—ഗ്രന്ഥകർത്താവ്.

F50



കൂലിക്കാരനായിരുന്ന പ്രധാനമന്ത്രി.

# കേരളസോപ്പുകൾ.

കുടുംബത്തിലും സ്നാനാദികൾക്കും
ഉപയോഗിക്കാനുള്ളതു്.

ശുദ്ധമെന്നു ഗാറണ്ടിയുള്ളതു്.

മദ്രാസ്സ് ഹൈക്കോട്ട് ജഡ്ജിയായിരുന്ന ദിവാൻബഹദൂർ സർ സി. വി. കുമാരസ്വാമി ശാസ്ത്രി 5-10-32-ൽ ഇപ്രകാരം എഴുതിയിരിക്കുന്നു:—

കേരളസോപ്പു ശാലയിൽ ഉണ്ടാക്കിയ ചന്ദനസോപ്പു ഞാൻ ഉപയോഗിക്കാൻ തുടങ്ങീട്ടു കുറെ വഷമായി. അതു സുഗന്ധമുള്ളതും, അഴുക്കു കളയാവുന്നതും മൃദുവായതും എന്നു എനിക്കു സദാബോദ്ധ്യമായിട്ടുണ്ടു്. വില്ക്കാൻ വെച്ചിട്ടുള്ള സോപ്പുകളിൽ അതു് എത്രയും വിശിഷ്ടമായതെന്നു ഞാൻ കരുതുന്നു. ഞാൻ നിങ്ങളുടെ കോൾഡ് ക്രീംസോപ്പും ഗവമ്മെൻറു ഫോസ്ടോയിലററു സോപ്പും ഉപയോഗിച്ചുനോക്കി. അതുകൾ വളരെ നല്ലവയെന്നു എനിക്കു ബോദ്ധ്യമായിരിക്കുന്നു. വാഷവേൽ സോപ്പു കൊണ്ടു മൃദുവായ വസ്ത്രങ്ങളേയും പട്ടിനേയും നല്ലവണ്ണം ശുദ്ധമാക്കാൻ കഴിയും. എല്ലാത്തരം സോപ്പുകളും എളുപ്പത്തിൽ വെള്ളത്തിൽ ലയിക്കുന്നതും നല്ല പതയുണ്ടാകുന്നതുമാണു്. ഇതുമൂലം ഇത്തരം സോപ്പുകൾ ഉപയോഗിക്കുന്നതു് ആദായകരമായി പരിണമിക്കും.

കേരളസോപ്പ് ഇൻസ്റ്റിററ്യൂട്ട്,
കോഴിക്കോട്.

(ഇൻഡ്യൻ വൈസറോയി വില്ലിംഗ്ഡൻ പ്രഭു അവർകളുടേയും മദ്രാസ് ഗവണ്ണരവർകളുടേയും രക്ഷാധികാരത്തിൽ നടത്തുന്നതു്.)

# വിധിയോടു പൊരുതിയ ചില ധീരാത്മാക്കൾ.

ഗ്രന്ഥകർത്താവ്:—


## കോട്ടായി കുമാരൻ.



| | | | |
|---|---|---|---|
| ഒന്നാം പതിപ്പ് | 1000. | ജൂലായി | 1928. |
| രണ്ടാം പതിപ്പ് | 1250. | സപ്തേമ്പർ | 1928. |
| മൂന്നാം പതിപ്പ് | 2500. | ജനുവരി | 1929. |
| നാലാം പതിപ്പ് | 3000. | ഫിബ്രവരി | 1930. |
| അഞ്ചാംപതിപ്പ് | | ജനവരി | 1933. |

എമ്പയർ പ്രസ്സ്,—കോഴിക്കോട്.

മദിരാശിയിലേയും കൊച്ചിയിലേയും പാഠപുസ്തക കമ്മററിക്കാർ അംഗീകരിച്ചിരിക്കുന്നു.

Approved by the Cochin Text Book Committee and the Madras Text Book Committee.





*...eserved by the Author.*

...ന്ഥകർത്താവിൻെറ മുദ്ര ഉണ്ടായിരിക്കും


വില അണ 4.

൧൨൦

# വിഷയവിവരം.

| | | |
|---|---|---|
| | അഭിപ്രായങ്ങളുടെ ചുരുക്കം .... .... | 3 |
| 1 | മുടന്തനായ ടോഡി .... .... .... | 13 |
| 2 | ലോകത്തിലെ ഏററവും വലിയ ധനിക .... | 18 |
| 3 | കൂലിക്കാരനായിരുന്ന ഒരു മന്ത്രി .... .... | 20 |
| 4 | ഭാരതമാതാവിൻെറ പുത്രന്മാരിൽ അഗ്രഗണ്യനായ ഒരു മഹാൻ .... .... .... | 26 |
| 5 | ഒരു കുതിരക്കാരൻെറ ക്ലാസ്സുകയററം .... | 32 |
| 6 | ആഫ്രിക്കായിലെ വെള്ളത്തരാജ്ഞി .... | 35 |
| 7 | ബുക്കർ ടി. വാഷിങ്ങ്ടൻെറ സ്മാരകം .... | 39 |
| 8 | ഇററലിയുടെ ജീവനായ മുസ്സോലിനി .... | 47 |
| 9 | ശ്രീമതി രമാഭായി .... .... .... | 52 |
| 10 | ലോഹഖനിയിൽനിന്നു കയറിയ ഒരു മഹാൻ | 56 |
| 11 | അമേരിക്കയിലെ സെക്കോയ എന്നു പേരായ ഒരു പൊൻപണിക്കാരൻ .... .... | 60 |
| 12 | നീഗ്രോസമുദായക്കാരുടെ നേതാവായ മാക്സ്സ് ഗാർവി .... .... .... | 64 |

SEN GUPTA MEMORIAL
PUTHIYARA.
READING ROOM & LIBRARY



# സമൎപ്പണം.

---

കൃത്യനിഷ്ഠ, അഗാധമായ പുസ്തകപാരായണശീലം, സ്ഥിരോത്സാഹത്തോടുകൂടിയ അദ്ധ്വാനപ്രവൃത്തി, എന്നീ ഗുണങ്ങളിൽ ഒരു മാൎഗ്ഗദൎശിയും പത്രപ്രവൎത്തനപ്രോത്സാഹനത്തിൽ എനിക്കു വലിയൊരു സഹായിയുമായ മിതവാദി പത്രാധിപർ മാ. രാ. രാ. സി. കൃഷ്ണൻ ബി. ഏ. ബി. എൽ; എം. എൽ. സി, അവർകൾക്കു് ഈ പുസ്തകം ഞാൻ സമൎപ്പിക്കുന്നു.

ഗ്രന്ഥകൎത്താവ്.



# അഭിപ്രായങ്ങളുടെ ചുരുക്കം:—

Private Secretary to H. H. the Maharaja of Travancore.

I am commanded by His Highness the Maharaja of Travancore to convey to you His Highness' thanks for your malayalam book entitled "വിധിയോടു പൊരുതിയ ചില ധീരാത്മാക്കൾ" sent to His Highness.

---

The Hindu, Madras.—Mr. Kottayi Kumaran is well known as a journalist who can write with force and vigour. The book under review is a collection of his essays contributed originally in periodicals on great men who worked up from the lowest position in life to the topmost rung of the ladder. It is an elevating theme and Mr. Kumaran has no doubt handled it ably.

---

മലയാള മനോരമ, (തിരുവിതാംകൂർ)

സാഹിത്യപരിശ്രമംകൊണ്ടു കേരളഭാഷാസാഹിത്യ ലോകത്തിൽ "ഒരെഴുത്തുകാരൻ" എന്ന മഹനീയസ്ഥാനത്തിന്നു അർഹനായിത്തീർന്നിട്ടുള്ള ഒരാളാണ് മിസ്റ്റർ കുമാരൻ എന്നുള്ളതു കേരളീയരായ ഭാഷാഭിമാനികളെ പറഞ്ഞറിയിക്കേണ്ട ഭാരം ഞങ്ങൾക്കില്ല. കാലോചിതങ്ങളായ വിഷയങ്ങളെ കണ്ടുപിടിച്ചു മനുഷ്യഹൃദയങ്ങളെ സംസ്കരിക്കുന്നതിന്നു ഉപയുക്തങ്ങളായ ഗ്രന്ഥങ്ങൾ നിർമ്മിക്കുക എന്നുള്ളതാണ് ഒരു യഥാർത്ഥഗ്രന്ഥകാരന്റെ കൃത്യമെന്നുള്ള അഭിജ്ഞവചനത്തെ "വിധിയോടുപൊരുതിയ ചില ധീരാത്മാക്കൾ" എന്നുള്ള പ്രസ്തുതഗ്രന്ഥത്തിന്റെ നിർമ്മാണത്താൽ മിസ്റ്റർ കുമാരൻ സാദ്ധ്യമാക്കുകതന്നെ ചെയ്തിട്ടുണ്ട്. മനുഷ്യാനുഭവങ്ങളെല്ലാം വിധിനിശ്ചയമാണെന്നു കണ്ണും പൂട്ടി വിശ്വസിച്ചു വിധിയുടെ കൃപക്കായി കാത്തും പ്രാർത്ഥിച്ചും ജീവിതകാലം മുഴുവനുംതന്നെ അലസതയിലും അസുഖത്തിലും കഴിച്ചുപോകുന്ന കേരളീയരെ മനുഷ്യപ്രയത്നത്താൽ സാധിതപ്രായമല്ലാതെ ഒന്നുംതന്നെ ഇല്ലെന്നു പഠിപ്പിച്ചു കർമ്മകുശലരാക്കുന്നതിന്നു പര്യാപ്തമായ ഈ ഗ്രന്ഥത്തിന്റെ സമയോചിതവും സമുചിതവുമായ ആവിർഭാവം മല

Please Turn Page no 21



യാളികൾക്ക ആകമാനം ഒരനുഗ്രഹമാണെന്നു തീൎത്തുപറയുന്നതിൽ ഞ
ങ്ങൾക്കതെല്ലും മടിയില്ല. * * * * ഇന്നത്തെ മലയാളപു
സ്തകങ്ങളിൽ 95 ശതമാനം ഗ്രന്ഥങ്ങളും രണ്ടാമതു പതിപ്പിക്കേണ്ട കാ
ൎയ്യത്തിൽ തൽകൎത്താക്കൾ വിഷമിക്കേണ്ടിവരിക അസംഭാവ്യമായിരി
ക്കെ പ്രസ്തുതഗ്രന്ഥം മിസ്റ്റർ കുമാരനു 1928 മുതൽ ഇതു പൎയ്യന്തം നാ
ലുപ്രാവശ്യം പതിപ്പിക്കേണ്ടിവന്നിട്ടുള്ളതായി കാണുന്നതുകൊണ്ടുതന്നെ
ഈ ചെറുപുസ്തകത്തോടു കേരളീയൎക്കുള്ള ആദരവും സ്നേഹവും പ്രത്യ
ക്ഷമാകുന്നുണ്ടല്ലൊ. മദ്രാസ് സൎവ്വകലാശാല പാഠപുസ്തകമായിക്കൂടി
ഈ ചെറുഗ്രന്ഥത്തെ അംഗീകരിച്ചിട്ടുണ്ടെന്നു അറിയുമ്പോൾ ഇതിൽക്കൂ
ടുതൽ ഒരഭിപ്രായം എന്താണ് ഈ പുസ്തകത്തിനു വേണ്ടതെന്നു ഞങ്ങ
ശങ്കിക്കാതിരിക്കുന്നില്ല. ഏതായാലും ഈ പുസ്തകം ഞങ്ങൾക്കും അ
യച്ചുതന്നിട്ടുള്ളതു സ്വീകരിക്കുന്നതിലും കേരളീയരായ ആബാലവൃദ്ധം
ജനങ്ങളോടു ഈ പുസ്തകം ഒന്നു വായിച്ചുനോക്കേണമെന്നു അഭ്യൎത്ഥി
ക്കുന്നതിലും സീമാതീതമായ സന്തോഷമുണ്ട്.

---

## ശ്രീമാൻ കെ. സി. വീരരായൻരാജ ബി. എ. എൽ. ടി.

ധീരതയെപ്പററി ബുദ്ധഭഗവാൻ പറഞ്ഞതു ഇപ്രകാരമാണ്—

"ആയിരം പ്രാവശ്യമിങ്ങായിരംപേരെപ്പോരി
ലായുധപ്രയോഗത്താൽ തോല്പിക്കും ധീരനെക്കാൾ
തന്നെത്താൻതന്നെ ജയിച്ചീടുന്ന ധീരനത്രെ
മന്നിലുന്നതപദം സിദ്ധിക്കാനർഹനാവൂ."

ബുദ്ധൻ, സോക്രട്ടീസ്, കൈറെററാ, ക്രിസ്തുഎന്നിവരാണ് വാസ്തവ
ത്തിൽ ധീരന്മാരായിട്ടുള്ളവർ. സത്വഗുണപ്രധാനന്മാരായ ഈ പറ
ഞ്ഞവരുടെ കൂട്ടത്തിൽ കൂട്ടാവുന്നവരാകുന്നു മിസ്റ്റർ കുമാരന്റെ ധീരാ
ത്മാക്കളിൽ മിക്കവരും. ഇവർ നമ്മുടെ നാട്ടുകാൎക്ക നല്ല ആദൎശങ്ങളാ
ക്കി അനുകരിക്കപ്പെടുവാൻ യോഗ്യന്മാരാകുന്നു. അമേരിക്ക മുതൽ കി
ഴക്കോട്ടു ജാപ്പാൻവരെ മിസ്റ്റർ കുമാരന്റെ നോട്ടം എത്തിയിരിക്കുന്നു.
വെളുത്ത മനുഷ്യർ, കറുത്തമനുഷ്യർ, ഊതനിറക്കാർ, മഞ്ഞനിറക്കാർ
ഇവരുടെ കൂട്ടത്തിൽനിന്നെല്ലാം പ്രസ്തുത പുസ്തകകൎത്താവു യോഗ്യന്മാരെ
തിരഞ്ഞെടുത്തിട്ടുണ്ട്; പുരുഷന്മാരിൽ മാത്രമല്ല, സ്ത്രീകളിലും മഹാശയ

ത്വം മിസ്റ്റർ കുമാരൻ കണ്ടെത്തീട്ടുണ്ട്. യോഗ്യന്മാരുടെ കാലമെല്ലാം പണ്ടായിരുന്നു. ഇപ്പോൾ യഥാർത്ഥയോഗ്യന്മാരില്ലെന്നുള്ള അപവാദം കളയുവാനായിട്ടാണെന്നു തോന്നും നമ്മുടെ ഗ്രന്ഥകാരൻ തന്റെ ഉദാഹരണങ്ങളെല്ലാം ആധുനികകാലത്തു നിന്നുതന്നെ എടുത്തിരിക്കുന്നത്.

ചെറിയ കുട്ടികൾക്കുകൂടി മനസ്സിലാകത്തക്കവിധം ഭാഷ ഏററവും ലളിതമാക്കുവാൻ മിസ്റ്റർ കുമാരൻ ശ്രമിച്ചിട്ടുണ്ട്. മുതിർന്നവരുടെ ഇടയിൽ മാത്രമല്ല വിദ്യാർത്ഥികളുടെ ഇടയിലും ധാരാളം പ്രചാരം സിദ്ധിക്കേണ്ട ഒരു പുസ്തകമാണിത്. (ഒന്നാംപതിപ്പിന്റെ മുഖവുരയിൽനിന്നു.)

---

## ശ്രീമാൻ പി. വി. കൃഷ്ണവാരിയർ ("കവനകൌമുദി" പത്രാധിപർ.)

ശ്രീമാൻ കുമാരന്റെ "ശക്തി" അധികവും ആംഗ്ലസാഹിത്യലോകത്തിൽ ഓരോ പത്രങ്ങൾ മുഖേനയും മററും കണ്ടുവരുംപ്രകാരം തന്നെ മിതവാദി മുതലായ ഭാഷാപത്രങ്ങൾ വഴിക്കും പ്രകാശിച്ചുകൊണ്ടിരിക്കുന്നുണ്ട്. സാഹിത്യത്തിൽ പല വിധത്തിലും പരിശ്രമിച്ചുവരുന്ന മിസ്റ്റർ കുമാരൻ ക്രമേണ ഇതിലുമധികം ഉയർന്നനിലയിലെത്തുമെന്നാണ് എന്റെ വിശ്വാസം. വിധിയോടുമാത്രമല്ല, അന്ധവിശ്വാസനീതികളോടും പൊരുതികൊണ്ടിരിക്കുന്ന ഒരു യുവാവുകൂടിയാണ് മിസ്റ്റർ കുമാരൻ. ഈ വക പുസ്തകങ്ങൾ സാഹിത്യലോകത്തിൽ എന്നല്ല, പൊതുജനങ്ങളുടേയും, പ്രത്യേകിച്ചുയുവാക്കന്മാരുടേയും ഇടയിൽ അവരുടെ മാർഗ്ഗദർശിയായി എന്നും ജീവിച്ചിരിക്കേണ്ടതാണ്.

(ഒന്നാം പതിപ്പിന്റെ പ്രസ്താവനയിൽ നിന്നു)

---

## മഹാകവി വള്ളത്തോൾ.

"ബലീപുരുഷകാരോഹി
ദൈവമപ്യതിവർത്തതേ"

എന്ന അഭിയുക്തവാക്യത്തെ സോദാഹരണം വ്യാഖ്യാനിക്കുകയാ

ണ്, കോട്ടായി കുമാരൻഅവർകളുടെ കോമളസരസ്വതി—'വിധിയോടുപൊരുതിയ ചില ധീരാത്മാക്കൾ' എന്ന ഗദ്യപ്രബന്ധം—ചെയ്തിരിക്കുന്നത്. ഈ നിറമിയന്ന ചെറുപുസ്തകം പഠിതാക്കളുടെ ഹൃദയത്തിൽ പൌരുഷത്തെ ഉജ്ജ്വലിപ്പിക്കുന്നതിന്നുള്ള ഒരു കൈത്തിരിയായി ഗണിക്കപ്പെടാം.

മതിമാന്മാരെങ്കിലും മടിയന്മാരായിത്തീർന്നിരിക്കുന്ന മലയാളികൾ അവരുടെ സന്താനങ്ങളെ ഇത്തരം ഉത്സാഹജനകങ്ങളായ കഥകളിൽ കളിയാടിക്കുമെങ്കിൽ അതു കേരളത്തിന്നു ഒരു ശോഭനമായ ഭാവിയെ കൊണ്ടുവരുന്നതായിരിക്കും. ബാലവിദ്യാർത്ഥികൾക്കു നിഷ്പ്രയാസം ഗ്രഹിക്കത്തക്കവണ്ണം സരളലളിതങ്ങളാണുതാനും ഈ പുസ്തകത്തിലെ വാക്യങ്ങൾ.

ശ്രീമാൻ കുമാരന്റെ സാഹിതീസേവനം വീണ്ടും സൌഭാഗ്യവത്തായി ഭവിക്കട്ടെ.

---

## ശ്രീമാൻ കെ. ടി. ചന്തുനമ്പ്യാർ, ബി. എ, ബി. എൽ.

(രവിമന്ദിരം, തലശ്ശേരി)

"വിധിയോടു പൊരുതിയ ചില ധീരാത്മാക്കൾ"

ഞാൻ ശ്രദ്ധയോടുംസന്തോഷത്തോടും പ്രയോജനത്തോടും വായിച്ചുനോക്കി. ഗ്രന്ഥം ആകപ്പാടെ വളരെ അവസരോചിതവും ഉപയോഗയോഗ്യവും ആയിട്ടുണ്ടെന്നു കാണുന്നതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. "എല്ലാം യോഗം" എന്നുവെച്ചു നിരാശയിലും ഉദാസീനതയിലും ജീവിതം നശിപ്പിപ്പാൻ പ്രായേണ ഉന്മുഖന്മാരായിരിക്കുന്ന നമ്മുടെ സ്ത്രീപുരുഷന്മാൎക്ക് പ്രയത്നത്തിന്റെ പ്രധാന്യത്തേയും പരിശ്രമശീലത്തിന്റെ ശാക്യതയേയും പ്രത്യക്ഷമായി കാണിച്ചുകൊടുക്കുന്ന മാതൃകകളും ആദൎശങ്ങളും ലളിതമായ ഭാഷയിലും ആകൎഷണീയമായ രീതിയിലും നിങ്ങൾ വിവരിച്ചിട്ടുള്ളതു ലോകോപകാരപ്രദമായിത്തീരാതിരിക്കുന്നതല്ല. ധാരണാശക്തിക്കു തീക്ഷ്ണതകൂടുന്ന ബാലികാബാലന്മാരെ

ടെ ഇളയ മനസ്സിൽത്തന്നെ ഉത്തമാദർശങ്ങളെ വിതച്ചുമുളപ്പിച്ചുവളർത്തുക്കവണ്ണം "വിധിയോടുപൊരുതിയ ധീരാത്മാക്കൾ", വിദ്യാർത്ഥികളുടെ ഒരു ശാശ്വതസഖാവായി കാണ്മാൻ ഞാൻ ആഗ്രഹിക്കുന്നു.

---

## ശ്രീമാൻ മൂർക്കോത്തുകുമാരൻ, (തലശ്ശേരി)

ശ്രീമാൻ കോട്ടായികുമാരൻ എഴുതിയ "വിധിയോടുപൊരുതിയ ചില ധീരാത്മാക്കൾ" എന്ന പുസ്തകം ഞാൻവായിച്ചു വളരെ സന്തോഷിച്ചു. ഈ പുസ്തകത്തിന്നുള്ള വിശേഷവിധി, ഗ്രന്ഥകർത്താവിന്റെ സ്വഭാവത്തിന്നും ആദർശങ്ങൾക്കും അനുസരിച്ച വിഷയങ്ങളെപ്പററിയാണ് അതിൽ പ്രതിപാദിച്ചിരിക്കുന്നതെന്നുള്ളതാണ്. വ്യാധൻ അഹിംസയെ ഉപദേശിക്കുമ്പോലെയല്ലാതെ ഗ്രന്ഥകർത്താവും ഗ്രന്ഥവും തമ്മിലുള്ള ഈ ഐക്യം വായനക്കാരെ ഹഠാൽ ആകർഷിക്കാതിരിക്കയില്ലെന്നുള്ളതു മനശാസ്ത്രമനുസരിച്ചുള്ള പരമാർത്ഥമാകുന്നു.

---

## ശ്രീമാൻ കെ. വി. കുഞ്ഞിരാമൻ, ബി. എ., എൽ. ടി.
## (സ്കൂൾ ഡിപ്പ്യൂട്ടിഇൻസ്പെക്ടർ)

പുരുഷപ്രയത്നംകൊണ്ടുവൻകാര്യങ്ങൾ മനുഷ്യന്നു സാദ്ധ്യമാകുമെന്നുള്ള തത്വം, സ്വാഭിമാനം സ്വരാജ്യസ്നേഹം, രാജഭക്തി, വിനയം മുതലായ ഉത്തമഗുണങ്ങളെ കുട്ടികളെ എളുപ്പത്തിൽ പഠിപ്പിക്കുവാൻ പര്യാപ്തമായിത്തീരുന്ന ഈ ചെറുപുസ്തകം ശ്രീമാൻ കെ. ടി. ചന്തുനമ്പ്യാർ തന്റെ അഭിപ്രായത്തിൽ പ്രകടനംചെയ്തപ്രകാരം "ധാരണാശക്തിക്കു തീക്ഷ്ണത കൂടുന്ന ബാലികാബാലന്മാരുടെ ഇളയ മനസ്സിൽ തന്നെ ഉത്തമാദർശങ്ങളെ വിതച്ചുമുളപ്പിച്ചുവളർത്തത്തക്കവണ്ണം വിദ്യാർത്ഥികളുടെ ഒരു ശാശ്വത സഖാവായി" കരുതേണ്ടതാണ്. * * *

അഞ്ചു മാസംകൊണ്ടു മൂന്നാം പതിപ്പിന്നവകാശമുണ്ടായ്‌വന്ന കാര്യംതന്നെ ഈ പുസ്തകത്തിന്നു ഒരു ഒന്നാംതരം സർട്ടിഫിക്കേററാണ്. വിദ്യാർത്ഥികൾക്കും യുവാക്കന്മാൎക്കും അദ്ധ്യാപകന്മാൎക്കും ഒരുപോലെ പ്രയോജനകരമായ ഒരു പുസ്തകമാണിതെന്നു ഞാൻ സധൈര്യം പറഞ്ഞുകൊള്ളുന്നു.

---

## വി. കുഞ്ഞിമോയിഹാജി (ഏറനാട് താലൂക്കബോർഡ് പ്രസിഡെണ്ട്)

നിങ്ങളുടെ പുസ്തകം ആദ്യാവസാനംവരെ വായിച്ചുനോക്കിയതിൽ ഇതിൽ പ്രസ്താവിച്ച ചെറുകഥകൾ ബാലികാബാലന്മാൎക്കെന്നു മാത്രമല്ല കേരളത്തിലെ പൊതുജനങ്ങൾക്കു നിരാശയെ വെടിഞ്ഞു ഉത്സാഹശീലന്മാരായിത്തീരേണ്ടതിന്നു വളരെ ഉപകാരപ്രദമായിരിക്കുമെന്നാണ് എന്റെ താഴ്മയായ അഭിപ്രായം.

## മിതവാദി (കോഴിക്കോട്.)

സ്വതവെ ഉത്സാഹവും നല്ല ആദൎശവുമുള്ള മിസ്റ്റർ കുമാരൻ ഇങ്ങിനെയുള്ള മഹാന്മാരുടെ ചരിത്രങ്ങൾ എഴുതുന്നതിൽ ഏററവും ഉത്സുകനാണെന്നു ഞങ്ങൾക്കു മുമ്പുതന്നെ അറിയാം. കള്ളകഥകളും മററും എഴുതി യുവാക്കന്മാരുടെ ഹൃദയം കേടുവരുത്തുന്നവർ മിസ്റ്റർ കുമാരന്റെ വിലയേറിയ ഈ പരിശ്രമം ഒരു മാതൃകയാക്കേണ്ടതാണ്. ഇതിലെ വാചകരീതിയിലും ഞങ്ങൾ ദോഷങ്ങളൊന്നും കാണുന്നില്ല. ഇപ്പുസ്തകം മലയാളത്തിൽ ഓരോരുത്തരും കേവലം ഒരു പോക്കററുബുക്കുപോലെ ഉപയോഗിക്കേണ്ടതാകുന്നു.

---

## മാതൃഭൂമി, (കോഴിക്കോട്)

“ഇത് യോഗമാണ്, വിധിയാണ്” എന്നു കരുതി തങ്ങളുടെ പുരോഗമനത്തിന്നുള്ള പ്രതിബന്ധങ്ങളെ ജയിക്കുവാൻ യാതൊരു ശ്രമവും ചെയ്യാതെ നിരാശരായും ഉദാസീനരായും കാലം കഴിക്കുന്നത് എ

ത്രതന്നെ യുക്തിരഹിതവും ദോഷകരവും ആയ ഒരു മനോഭാവമാണെന്നു നമ്മുടെ യുവജനങ്ങളെ ധരിപ്പിക്കുകയാകുന്നു ഈ പുസ്തകത്തിൻെറ മുഖ്യ ഉദ്ദേശം എന്നു പറയാവുന്നതാണ്. ഈ ഉദ്ദേശത്തെ നിറവേററുന്നതിന്നു പര്യാപ്തമായ ഏതാനും ജീവചരിത്രങ്ങളാണ്. ഇതിൽ അടങ്ങിട്ടുള്ളതു. പ്രസ്താവത്തിലുള്ള മനോഭാവം ഇന്ത്യയിൽ മററെല്ലാം രാജ്യങ്ങളിലേക്കാളും പ്രബലപ്പെട്ടിരിക്കെ, അതിനെ പരിഹരിക്കുവാനായി ഒരു സമുദായസേവകനായ ശ്രീമാൻ കുമാരൻ ചെയ്തിട്ടുള്ള ഈ ഉദ്യമം പ്രശംസനീയമായിട്ടുള്ളതാണെന്നതിന്നു സംശയമില്ല.

---

## ധർമ്മം, (ശിവഗിരി, തിരുവിതാംകൂർ).

പരിശ്രമശീലനും പരോപകാരിയും പത്രഗ്രന്ഥങ്ങളിൽ ഫലപ്രദമായ ലേഖനങ്ങൾ പരസ്യംചെയ്തു പരിചയമുള്ള ആളും, ജനസമുദായത്തിൻെറ അനീതിയോടു ധീരതയിൽ പോരാടുന്ന ഒരു മാന്യനുമായ കോട്ടായി കുമാരൻഅവർകളാൽ ഉണ്ടാക്കപ്പെട്ടതാണ് ഈ പുസ്തകം. ചിത്രപാത്രങ്ങളെ ജാതിമതവർണ്ണദേശവ്യത്യാസം കൂടാതെ തിരഞ്ഞെടുത്തിരിക്കുന്നതുകൊണ്ടു ഗ്രന്ഥകർത്താവിൻെറ മഹാമനസ്കത വെളിപ്പെടുന്നുണ്ടു.

മഹാന്മാരുടെ ജീവചരിത്രം വായിക്കയും പഠിക്കയും ചെയ്യുന്നതിൽ ആന്തരമായ ഒരു മാനസികതത്വം കിടപ്പുണ്ട്. നാം അറിയാതെ തന്നെ അവരുടെ ഗുണങ്ങൾ നമ്മിൽ ഉണ്ടാവാൻ ഇടയുണ്ടെന്നുള്ളതാണ് അത്. പിന്നെ അതിന്നനുസരിച്ചു പ്രവൃത്തി ചെയ്വാൻ നാം പ്രേരിതരാകുന്നു.

---

## ആത്മവിദ്യാകാഹളം, (ഫറോക്ക്)

കാലപുരുഷൻെറ കരാളമായ കരവാളത്തെ ലേശംപോലും കൂശാതെ പോർക്കളത്തിൽ ഇറങ്ങി ധർമ്മസമരം ചെയ്തുവരുന്ന ശ്രീമാൻ കുമാരൻെറ ഈ ധാർമ്മികവ്യവസായത്തിൽ ഞങ്ങൾ ഞങ്ങളുടെ അനുഭാവം പ്രദർശിപ്പിച്ചുകൊള്ളുന്നു. യുവാക്കളുടെ ഹൃദയത്തെ ധാർമ്മികനിലയി

ൽ തട്ടിയുണൎത്തുന്നതിനും എഴുനീററു പ്രവൎത്തിപ്പിക്കുന്നതിനും തക്കവണ്ണം ഓജസ്സും തേജസ്സും കൂടുന്ന വിഷയപ്രതിപാദനരീതിയും സുഗമവും സുന്ദരവുമായ ഭാഷാശൈലിയും ഒത്തൊരുമിച്ചു ഗുണോത്തരമായി തീൎന്നിട്ടുള്ള ഈ പുസ്തകം കേരളത്തിലെ കുടിൽതൊട്ടു കൊട്ടാരംവരെ പ്രചരിക്കുന്നതായാൽ മനുഷ്യന്റെ അവശതയ്ക്കു വേറെ ചികിത്സവേണ്ടി വരികയില്ലെന്നതിൽ വിചിത്സയ്ക്കുവകാശമില്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം.

---

## ഗജകേസരി (തലശ്ശേരി.)

ഈ പുസ്തകം മിതവാദി അഭിപ്രായപ്പെട്ടപ്രകാരം മലയാളികൾ ഓരോരുത്തരും ഒരു പോക്കററുബുക്കായിതന്നെ ഉപയോഗിക്കേണ്ടതാണെന്നു ഞങ്ങൾക്കും അഭിപ്രായമുണ്ടെങ്കിലും വയററിന്നായി ചെലവഴിക്കുന്നതിന്റെ 50-ൽ ഒരംശമെങ്കിലും ബുദ്ധിവികാസത്തിന്നും ജ്ഞാനവൎദ്ധനത്തിന്നും വേണ്ടി ഉപയോഗിക്കേണ്ടതാണെന്നു മലയാളികൾ അധികംപേരും ഇതുവരെ മനസ്സിലാക്കീട്ടില്ലെന്നു പറയുന്നതിൽ ഞങ്ങൾക്കു ലജ്ജയും വ്യസനവും തോന്നുന്നു. മഹാകവി വള്ളത്തോൾ മുതലായവർ ഈ പുസ്തകത്തെ ഒരു "കൈത്തിരി"യായി ഗണിച്ചിരിക്കുന്നു. നമ്മുടെ ഇടയിൽനിന്നുതന്നെ ചില വാഷിങ്ങ്ടന്മാരെയും മുസോലിനിമാരെയും ഗോപാലകൃഷ്ണഗോഖലമാരെയും ഉണ്ടാക്കിത്തീൎക്കുവാൻ ഈ പുസ്തകത്തിന്നു ശക്തിയുണ്ടെന്നാണ് ഞങ്ങളുടെ വിശ്വാസം.

---

## THE HON'BLE Sir M. KRISHNAN NAYAR, B. A., B. L.

(Executive Council member.)



"Many thanks for the copy of [illegible]ോട്ടു പൊരുതിയ ചില ധീരാത്മാക്കൾ" which you ki[illegible] to me. I appreciate the gift very much.

---

MR. A. K. GOVINDAN, B. A., (Retired Addl. District Magistrate, Malabar).

This is an admirable little book that should be in the hands of our young men, as it places before them shining examples of what unselfish and sustained endeavour can achieve, and should afford them the stimulus to action in the right direction.

---

MR. A. E. D. FREDERICK (Asst. Dt. Superintendent of Police)

Thank you very much for the little book "വിധിയോടു പൊരുതിയ ചില ധീരാത്മാക്കൾ" you sent me. I was very much interested in those short stories. I hope they will be of use to many. I congratulate you on the production of such a nice little book.

---

MR. C. GOPALAN NAYAR, B. A. B. L. CALICUT.

I congratulate you on your splendid little book. We want more of such books at the present time. I hope your book is the first of a series. Such books are the best cure for the fatalistic outlook on life which has become so unfortunately a defect of our national character. I wish your little book a place in every home in Kerala.

---

THE CHAMPION, CALICUT.—The book contains biographical sketches of famous men and women who are shining examples of courage, perseverance and chivalry. It is a useful addition to malayalam literature, as it is both interesting and instructive.

SEN... PUTHIYARA. READING ROOM & LIBRARY

# മുടന്തനായ ടോടി.

—————:o:—————

ഇററലിക്കാരനായ ടോടിയുടെ പ്രതിമ റോംപട്ടണത്തിൽ വെള്ളക്കല്ലിന്മേൽ കൊത്തിവെച്ചിട്ടുള്ളത് ഇയ്യിടെയാണ്. ഒരു കാൽ തീരെ പോയ്പ്പോയിട്ടും, ടോടി നമ്മുടെ നാട്ടുകാർ സാധാരണ പറയുംപ്രകാരം, "ഇത് എന്റെ യോഗമാണ്, വിധിയാണ്," എന്നും മററും സമാധാനിച്ചു മടിയനായിരുന്നില്ല. എന്നു മാത്രമല്ല, ടോടിയുടെ രാജ്യസ്നേഹവും ധീരതയും അതിർകവിഞ്ഞതായിരുന്നതിനാൽ അദ്ദേഹം രാജ്യത്തിന്നുവേണ്ടി മരണംവരെ നിരന്തരം പ്രയത്നിച്ചുകൊണ്ടിരിക്കയും ചെയ്തിട്ടുണ്ട്. സ്വരാജ്യരക്ഷക്കായി യുദ്ധം ചെയ്യേണമെന്ന ഉൽക്കണ്ഠയോടുകൂടി ഈ യുവാവു പല കുറിയും പട്ടാളത്തിൽ ചേരാൻ ഉത്സാഹിച്ചുവെങ്കിലും, അധികാരസ്ഥന്മാർ ടോടിയെ നിരാശനാക്കി മടക്കുകയായിരുന്നു ചെയ്തത്.

ചെറുപ്പകാലങ്ങളിൽ ടോടി ചുറുചുറുക്കുള്ളവനും നല്ലൊരു ബലവാനുമായിരുന്നു. സൈക്കിൾ ഓട്ടത്തിലും നീന്തലിലും ടോടിക്കു പ്രത്യേക സാമർത്ഥ്യമുണ്ടായിരുന്നു. അതു നിമിത്തം അയാൾക്കു പലപ്പോഴും സ്വർണ്ണമുദ്രകൾ സമ്മാനം കിട്ടുകയും ചെയ്തിരുന്നു. ഒരു ദിവസം തീവണ്ടിയിൽവെച്ചു ടോടിക്കു ഒരപകടം പററിയശേഷമാണ് ജീവിതം മുഴുവനും ഒററക്കാലനായി കഴിയേണ്ടി വന്നത്. യൂറോപ്പുരാജ്യങ്ങളിൽ, വിശ്രമിക്കാതെ അധികം നാഴികദൂരം നീന്തുന്നതിന്നു പന്തയം വെക്കുന്ന ഒരു പതിവു ജനങ്ങളുടെ ഇടയിലുണ്ട്. റോം പട്ടണത്തിലെ ശ്രു

തിപ്പെട്ട നീന്തക്കാരെ ടോടി മുടന്തനായതിന്റെ ശേഷവും തോല്പിച്ചിരുന്നു. ഈ ഒരു അംഗഭംഗം അവനുണ്ടായിരുന്നില്ലെങ്കിൽ അവൻ ലോകത്തിൽവെച്ചു വിശ്രുതനായ ഒരു നീന്തക്കാരനാകുമായിരുന്നു.

പക്ഷെ ഇതിലും വലിയകാൎയ്യമായിരുന്നു ടോടി ചെയ്തിരുന്നത്. ഒരു വലിയ എഞ്ചിനീയരൊ ശാസ്ത്രജ്ഞനോ ആയി ലോകോപകാരാൎത്ഥം ജീവിച്ചിരിക്കേണമെന്നായിരുന്നു യൌവനാരംഭത്തിൽ ആയാൾ ആഗ്രഹിച്ചിരുന്നത്. ആഫ്രിക്കയിൽപോയി ഒരു അദ്ധ്യാപകനായി കാലം കഴിക്കാമെന്നു ഒരിക്കൽ ആലോചിച്ചു. എന്നാൽ കപ്പലിൽ ഒരു ചെറിയ ഉദ്യോഗം കിട്ടിയതിന്റെ ശേഷം ഈ ആലോചനകളെല്ലാം വിട്ടു. വിദ്യുച്ഛക്തികൊണ്ടു നടത്തപ്പെടുന്ന യന്ത്രങ്ങളുടെ വേലയിൽ ടോടി ക്രമേണ വലിയ സമൎത്ഥനായിത്തീൎന്നു. ഒരിക്കൽ പ്രവൃത്തിമദ്ധ്യത്തിൽ കപ്പലിൽവെച്ചു 30 അടി ഉയരത്തിൽനിന്നു ഈയാൾ താഴെ വീണു. രണ്ടു ദിവസത്തോളം തീരെ ബോധമുണ്ടായിരുന്നില്ലെങ്കിലും, ഈ വീഴ്ചയെ ഓൎമ്മപ്പെടുത്താനെന്നു തോന്നുമാറ് ഒരു കൂനോടുകൂടി മൂന്നാംദിവസം പിന്നെയും പ്രവൃത്തിക്കാരംഭിച്ചു. ഈ സംഭവത്തിന്നുശേഷം രണ്ടുകൊല്ലം കഴിഞ്ഞപ്പോഴാണ് ടോടി തീവണ്ടിയുടെ രണ്ടു ചക്രങ്ങളുടെ ഇടയിൽ കടുങ്ങിപ്പോവാൻ ഇടയായത്. അവിടെവെച്ചു മൃതിപ്പെടാതെ ജീവിച്ചതാണ് ആശ്ചൎയ്യം. അയാളുടെ അസാധാരണമനശ്ശക്തിയും ദേഹബലവുമായിരുന്നു ടോടി ഒററക്കാലനായ ശേഷവും ജീവിച്ചിരിക്കുവാൻ സംഗതി വരുത്തിയത്. ഒരു കാൽ പോയിപ്പോയതോടുകൂടി ദേഹത്തി

ന്റെ ഉന്മേഷം വളരെ കുറഞ്ഞുവെങ്കിലും ടോടിയുടെ ബുദ്ധിക്കുള്ള സൂക്ഷ്മത ദിവസേന വൎദ്ധിച്ചുതന്നെ വന്നു. ആയാളുടെ കൈവശം ഉണ്ടായിരുന്ന ചില്ലറപണം, പ്രവൃത്തിയില്ലാതെ തെരുവീഥികളിൽ അലഞ്ഞു നടക്കുന്ന ചെറുപ്പക്കാരെ കളിക്കോപ്പുകൾ ഉണ്ടാക്കി ശീലിപ്പിക്കുന്നതിന്നായി ചെലവഴിച്ചു. കപടവേല ചെയ്യാത്ത സൂക്ഷ്മതയോടും സത്യനിഷ്ഠയോടും കൂടി പ്രവൃത്തി ശീലിക്കേണമെന്നായിരുന്നു ടോടിയുടെ നിശ്ചയം. മററൊരു രാജ്യത്തിൽ ഉണ്ടാക്കിയ ഒരു കളിക്കോപ്പെടുത്തു പൊട്ടിച്ചെറിഞ്ഞു, ഇങ്ങിനെ കുട്ടികളെ തോല്പിക്കുവാൻ നിസ്സാരസാധനങ്ങൾ ഉണ്ടാക്കരുതു് എന്നായിരുന്നു നമ്മുടെ രാജ്യാഭിമാനി തൊഴിലാളികളോടു പറഞ്ഞിരുന്നതു്. ഇതിന്നിടയ്ക്കു ഒരിക്കൽ വികൃതിക്കുതിരകളെ ബുദ്ധിമുട്ടില്ലാതെ കീഴടക്കുവാനായി ഒരു മുഖപടം ടോടി കണ്ടുപിടിക്കുകയുണ്ടായി.

തന്റെ സമയം അനാവശ്യമായി പോയ്പോകുന്നതുകൊണ്ടും തനിക്കു പല ദിക്കിലും സഞ്ചരിക്കുവാൻ ആഗ്രഹമുണ്ടായിരുന്നതുകൊണ്ടും ടോടിയുടെ ബുദ്ധിശക്തിയും ഉത്സാഹവും ഒററക്കാലന്നു സഞ്ചരിക്കാൻ പാടുള്ള ഒരു സൈക്കൾ കണ്ടുപിടിക്കുന്നതിന്നായി ഉപയോഗിച്ചു. ഒടുക്കം അതും സാധിച്ചു. ഒററക്കാലന്മാൎക്കു കയറി ഓടിക്കാൻ സൌകൎയ്യമുള്ള ഒരു വണ്ടിയും ടോടി കണ്ടുപിടിച്ചു. ഓട്ടം ഇരട്ടിക്കേണ്ടതിന്നു ഒരു കാററാടി നിൎമ്മിച്ചു അതിനോടു വെച്ചുകെട്ടി. മുടന്തന്മാൎക്കു പററിയ ഒരു വടിയും കരുതി ടോടി തന്റെ സൈക്കളിന്മേൽ സവാരിചെയ്തുകൊണ്ടു ലോകം ചുററിസഞ്ചരിക്കുവാൻ ആരംഭിച്ചു. ആസ്ത്രീയ, ജൎമ്മനി, റഷ്യ ഈ രാജ്യങ്ങളിൽ സൈക്കളി

ന്മേൽ സഞ്ചരിക്കുവാൻ സാധിച്ചുവെങ്കിലും, വഴിയിൽ ഉണ്ടായിരുന്ന ചില ബുദ്ധിമുട്ടുകൾകൊണ്ടു സ്വന്തരാജ്യമായ ഇററലിയിലേക്കുതന്നെ മടങ്ങേണ്ടിവന്നു.

ജർമ്മൻകാർ, ബെൽജിയം എന്ന രാജ്യത്തെ ആക്രമിച്ചു യുദ്ധം തുടങ്ങിയ ഉടനെ ടോടിക്കു ഒരു പടയാളിയായിച്ചേരുവാനുള്ള ആഗ്രഹം ദിവസേന വർദ്ധിച്ചു. ഇംഗ്ലണ്ടിന്റേയും ഫ്രാൻസിന്റേയും ഭാഗത്താണ് ഇററലി ചേരേണ്ടു ന്യായം എന്നു പല കുറിയും റോമിലെ തെരുവീഥികളിൽവെച്ചു ടോടി പ്രസംഗിക്കുകയും, രാജ്യസ്നേഹം വർദ്ധിപ്പിക്കുവാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ഇററലി യുദ്ധത്തിൽ പങ്കുകൊണ്ടു ദിവസംതന്നെ സൈക്കിൾ വകുപ്പിൽ ഒരു യോദ്ധാവായി ചേരുവാൻ ടോടി അപേക്ഷിച്ചു. അനേകം ഓഫീസർമാരേയും സ്നേഹിതന്മാരെയും മന്ത്രിമാരെയും പലതവണയായി ഈ യുവാവു കണ്ടുവെങ്കിലും തന്റെ ഉദ്ദിഷ്ടകാര്യം സാധിച്ചില്ല. പിന്നീടു കുറെ ആഴ്ചയോളം പട്ടാളക്കാരുടെ കൈനില വിടാതെ ഗോപ്യമായി പട്ടാളത്തിൽ ചേർന്നുകിട്ടുവാൻ ടോടി പഠിച്ചവിദ്യകളെല്ലാം നോക്കി. എന്നിട്ടും നിരാശയല്ലാതെ ഫലമുണ്ടായില്ല. ഒരു ദിവസം ഒരു പട്ടാളക്കാരന്റെ ഉടുപ്പു വിലക്കുവാങ്ങി ധരിച്ചു പോർക്കളത്തിലേക്കു തന്റെ സൈക്കിൾ ഓടിച്ചു. സ്ഥലത്തെ ഉയന്ന ഉദ്യോഗസ്ഥന്മാർ ടോടിയുടെ ജാഗ്രതയും പ്രവൃത്തിയുംകണ്ടു സന്തോഷിച്ചു, അവന്റെ ഇഷ്ടപ്രാരം, കലശലായി യുദ്ധം നടക്കുന്ന സ്ഥലത്തേക്കുതന്നെ അവനെ അയച്ചു. ടോടിയെ ശത്രുക്കൾ കണ്ടാൽ കയ്യും കാലും ഒടിഞ്ഞവരെക്കൂട്ടി പട്ടാളത്തിൽ ചേക്കുന്നുവെന്ന പരിഹാ

സം ഉണ്ടായേക്കുമോ എന്നു സൈന്യാധിപൻ ആദ്യംസം ശയിച്ചിരുന്നു.

ടോടിയുടെ സ്നേഹിതന്മാൎക്കൊക്കെ അവനെ വലിയ സ്നേഹവും ബഹുമാനവുമായിരുന്നു. വല്ലവരും അവരുടെ ജോലിയെപ്പററിയും ബുദ്ധിമുട്ടുകളെക്കുറിച്ചും പിറുപിറുക്കുന്നതു കണ്ടാൽ അങ്ങിനെ പിറുപിറുത്താൽ ശത്രുക്കളെ തോല്പിക്കുവാൻ സാധിക്കയില്ലെന്നും, രാജ്യസ്നേഹത്തെ ഓൎത്തെങ്കിലും അങ്ങിനെ ചെയ്യരുതെന്നും ശാന്തവാക്കുകൾ പറയുക പതിവാണ്. ടോടിയുടെ നാവിൽനിന്നു ഇപ്രകാരം വീഴുന്നതുകേട്ട് അനേകം ഭടന്മാർ അസാധാരണ ധൈൎയ്യം കാണിച്ചിട്ടുമുണ്ട്. ഒരു കാലില്ലെങ്കിലും രണ്ടു കാലുള്ളവരെക്കാൾ സമൎത്ഥനായ യോദ്ധാവാണെന്നു ടോടിയെപ്പററി ഉദ്യോഗസ്ഥന്മാരും മററും പറയാറുണ്ട്. നല്ല സൂത്രക്കാരനായതിനാൽ ശത്രുക്കൾ കാണാതെ ഇഴഞ്ഞുപോയി ചെയ്യേണ്ടുന്ന ധീരകൃത്യങ്ങൾ അധികവും ടോടിയെ ആയിരുന്നു അവർ ഏല്പിച്ചിരുന്നത്.

പോൎക്കളത്തിൽ വെച്ച അനിതര സാധാരണമായ ധീരത കാണിച്ചുവെങ്കിലും, ടോടി തന്റെ രാജ്യത്തിന്നു വേണ്ടി ശത്രുക്കളുടെ കയ്യാൽ മരിക്കേണ്ടിവന്നു. രാജ്യത്തെയും പ്രിയപ്പെട്ട അമ്മയേയും കുറിച്ചു സംസാരിച്ചു കൊണ്ടാണ് ആയാൾ മരിച്ചതു. ടോടി ഒരു വലിയ ഉദ്യോഗസ്ഥനായിരുന്നില്ല. പേരെടുത്ത മഹാനുമായിരുന്നില്ല. എന്നിട്ടും ഈ യുവാവിന്റെ ജീവിതം ലോകത്തിന്നു എന്നേക്കും ഒരു പാഠമായിതീരേണ്ടതിന്നു റോം പട്ടണത്തിൽ അദ്ദേഹത്തിന്റെ പ്രതിമ സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

---

# ലോകത്തിലെ ഏററവും.
# വലിയ ധനിക.

———:o:———

ലോകത്തിലെ സ്ത്രീകളുടെ ഇടയിൽ ഏററവും വലിയ ധനിക മിസ്സിസ്സ് യോൺസുസുകി എന്ന ജാപ്പാൻകാരിയാണെന്നു കണ്ടിരിക്കുന്നു. 20കൊല്ലംമുമ്പു ഈ സ്ത്രീ സാധാരണ കച്ചവടക്കാരനായ ഒരു ജാപ്പാൻകാരൻെറ ഭാൎയ്യയായിരുന്നു. ഇന്നോ കണക്കില്ലാത്ത ധനം സമ്പാദിച്ച ഒരു വിധവയാണ്. ഇതൊക്കെ സ്വന്തസമ്പാദ്യമാണെന്നു കേൾക്കുമ്പോൾ ആശ്ചൎയ്യപ്പെടാത്തവർ ഉണ്ടായിരിക്കയില്ല. ആരും അറിയാതെ ലോകത്തിൽ ഒരു മൂലയിൽ ജീവിച്ചിരുന്ന ഈ മഹതി ലോകവിശ്രുതന്മാരായ കച്ചവടക്കാരുടെ ഇടയിൽ ഒരു മുഖ്യസ്ഥാനം അഹിച്ചത് എങ്ങിനെയാണെന്നു വിവരിക്കുന്നഒരു പുസ്തകം ഒരു ദിവസം മിസ്സിസ് യോൺസുസുകിതന്നെ എഴുതിലോകോപകാരത്തിന്നായി പ്രസിദ്ധപ്പെടുത്തുമായിരിക്കാം.

ഈ മഹതിയുടെ ഭൎത്താവു പഴയസമ്പ്രദായക്കാരനായ ഒരാളായിരുന്നു. ഭൎത്താവിൻെറ മരണശേഷം ഈ മാന്യ കച്ചവടത്തിൽ ഏൎപ്പെട്ടുവന്നു. ദിനകൃത്യങ്ങൾ ശരിയായി നിറവേററുന്ന സാധാരണ ബുദ്ധിസാമൎത്ഥ്യം ഉള്ളവൎക്ക സ്വാസഹായംകൊണ്ടു ജീവദശ വിജയകരമാക്കിത്തീൎക്കാൻ സാധിക്കുന്നതാണെന്നു ജാപ്പാൻ രാജ്യത്തിനും ലോകത്തിനൊട്ടുക്കും ഉദാഹരണമാക്കി കാണിക്കേ

ങ്ങതിന്നു ഈ വിധവ യത്നിച്ചുതുടങ്ങി. ഭർത്താവാൽകിട്ടി യിരുന്ന ചെറിയ സ്വത്തുക്കൾ വിററു പണമുണ്ടാക്കുന്ന ഒരു കമ്പനിയിൽ ആദ്യമായി ഇവർ കുറെ ഓഹരികൾ എടുത്തു. ക്രമേണ ആ കമ്പനിയിലെ നടത്തിപ്പിന്നുളത്ത രവാദികളായ ഡയരക്ടർമാരിൽ ഒരു സ്ഥാനം കൈക്കൊണ്ടു. അല്പകാലത്തിന്നുള്ളിൽ കമ്പനിയിലെ മാനേജിങ്ങ് ഡയരക്ടരായി. 20 കൊല്ലത്തോളം അദ്ധ്വാനം ചെയ്തതിൻെറ ഫലമായി ഇന്നു ജാപ്പാനിലെന്നുമാത്രമല്ല, ബ്രിട്ടനിലും അമേരിക്കയിലും ശ്രുതിപ്പെട്ട കച്ചവടനേതാക്കന്മാരുടേയും, വ്യവസായശാല ഉടമസ്ഥന്മാരുടേയും ഇടയിൽ, മിസ്സിസ് യോൺസുസുകി അഗ്രഗണ്യയായിത്തീ ന്നിരിക്കുന്നു. പഞ്ചസാരയുണ്ടാക്കുന്ന ശാല, ചെമ്പു, തുത്തനാകം, ഈയം എന്നീലോകങ്ങളുടെ ഖനികൾ, ലോഹവാർപ്പുശാലകൾ, നൂൽകമ്പനികൾ, റബ്ബർതോട്ടങ്ങൾ കപ്പലുകൾ, കപ്പൽ ഉണ്ടാക്കുന്ന ശാലകൾ എന്നിവകളുടെ ഉടമയാകുന്നു ഇപ്പോൾ ആ മഹതി. ഇതൊക്കെക്കൊണ്ടുതന്നെ ഇവരുടെ സ്വത്ത് എത്രകോടി വിലയുള്ളതെന്നു ഊഹിക്കാവുന്നതാണല്ലൊ. സ്വപ്രയത്നംകൊണ്ടും സ്ഥിരപ്രതിജ്ഞകൊണ്ടും എത്ര ആയിരം സ്ത്രീപുരുഷന്മാൎക്കാണ് മിസ്സിസ് യോൺസുസുകി മുഖാന്തരം പ്രവൃത്തി ഉണ്ടായിത്തീൎന്നിട്ടുള്ളതെന്നും, ജീവിതം കുറേക്കൂടി സുഖകരമാക്കിത്തീൎക്കുവാൻ സാധിച്ചിട്ടുള്ളതെന്നും പറയുവാൻ പ്രയാസം.

---

# കൂലിക്കാരനായിരുന്ന ഒരു മന്ത്രി.

അന്യന്മാരുടെ സങ്കടങ്ങൾ കണ്ടും കേട്ടും മനസ്സലിഞ്ഞു സ്ഥിരപ്രതിജ്ഞയോടുകൂടി പ്രവൎത്തിപ്പാനും അവരവരുടെ നില നന്നാക്കുവാനും ഒരുമ്പെടുന്ന ഒരാളെ പ്രകൃതികൂടി സഹായിക്കും എന്നുള്ളതിന്ന്, ഇംഗ്ലാണ്ടിലെ പ്രധാനമന്ത്രി (Prime Minister) ആയ ബഹുമാനപ്പെട്ട റാംസെമക്ഡനാൾഡിന്റെ ജീവചരിത്രം ഒരു ഉത്തമദൃഷ്ടാന്തമാണ്. സ്കോട്ടുലാണ്ടിൽ വടക്കു കിഴക്കുഭാഗത്തു ലോസ്സിമൌത്ത് എന്ന ചെറിയ പട്ടണത്തിലെ ഒരു മഹാദരിദ്രന്റെ കുടിലിലായിരുന്നു ഈ മഹാൻ ജനിച്ചിരുന്നത്. അവിടെയുള്ളവർ മിക്കവരും അന്നു ജീവിതംനയിച്ചിരുന്നത് കന്നുകാലികളെ വളൎത്തിയും കൃഷിചെയ്തും കടലിൽപോയി മത്സ്യംപിടിച്ചും ആയിരുന്നു. ഈ ബാലന്റെ ജനനകാലത്തും തന്റെ വീട്ടിൽ ഒരു സന്യാസിയുടെ ഗുഹയിലെന്നപോലെകസേല, മേശ എന്നിത്യാദികൾപോലും തീരെ ഉണ്ടായിരുന്നില്ലത്രെ. പക്ഷെ മാതാപിതാക്കന്മാർ ബുദ്ധിവികാസം ഉണ്ടായിരുന്നവരല്ലെന്നു പറഞ്ഞുകൂടാ. നമ്മുടെ നാട്ടിലെ തച്ചോളിപ്പാട്ടുപോലെ അവിടങ്ങളിലുള്ള മഹാന്മാരെപ്പററി പഴയരീതിയിലുള്ള പാട്ടുകൾപാടി കാലംകഴിക്കയായിരുന്നു കുട്ടിയുടെ വലിയമ്മ മുഖ്യജോലിയായി വിചാരിച്ചുപോന്നിരുന്നത്.

"ഡോമിനിസ്" എന്നു സാധാരണയായി വിളിച്ചുവരാറുള്ള ഗുരുനാഥന്റെകീഴിൽ ബാലനായ മാക്ഡനാ

Page No: 53



ൾഡിനെ വിദ്യാഭ്യാസത്തിന്നായേല്പിച്ചു. ഡോമിനിസിൻെറ സ്കൂൾ ഒരു ചെറിയ ഗ്രാമസ്കൂൾമാത്രമായിരുന്നു. അദ്ദേഹം ശിഷ്യന്മാരെ സ്വന്തം മക്കളെപ്പോലെ സ്നേഹിച്ചിരുന്നു. കുട്ടികൾക്കു പററിയ പല പുസ്തകങ്ങളും ശേഖരിച്ചു സ്കൂളിൽ അദ്ദേഹം ചെറിയൊരു ലൈബ്രറി ഏപ്പെടുത്തിയിരുന്നു. മാക്ഡനാൾഡ് അധികം താമസിയാതെ സ്കൂളിലുള്ള പുസ്തകങ്ങളെല്ലാം വായിച്ചുതീൎത്തു. പുസ്തകവായന എന്നതു കുട്ടിക്കാലത്തുതന്നെ അദ്ദേഹത്തിന്നു ഒരു ശീലമായിത്തീൎന്നു. ഈ ചെറുപട്ടണത്തിൽ പുസ്തകം സൂക്ഷിക്കാറുള്ളവരുടെയെല്ലാം സ്നേഹം ബാലൻ ഉടനെ സമ്പാദിച്ചു. ഒരുവിധം പുസ്തകങ്ങളെല്ലാം ഇരവുവാങ്ങിയും വായിച്ചു. വീട്ടിലെ ദാരിദ്ര്യംഓൎത്തു ചെറുപ്പത്തിൽത്തന്നെ സ്കൂൾ വിട്ടു കുട്ടി കരിയും നുകവും എടുത്തു വയലിലിറങ്ങേണ്ടിവന്നു. ഡോമിനീസിൻെറ ഉത്സാഹത്താൽ മാക്ഡനാൾഡ് കൃഷിത്തൊഴിൽവിട്ടു ഒരുഅദ്ധ്യാപകവിദ്യാൎത്ഥിയായി. ക്രമേണ തനിക്കും ഒരു ഗുരുനാഥൻെറ സർട്ടിഫിക്കേററുകിട്ടി.

20 വയസ്സാകുമ്പോഴെക്കുതന്നെ കഥകൾ എഴുതിയും മററും പട്ടണത്തിലുള്ള ജനങ്ങൾക്കു മാക്ഡോനാൾഡ് നല്ല പരിചിതനായി. ലോസ്സിമൌത്ത് പട്ടണം ഈ യുവാവിൻെറ ഭാവിക്കു പററിയതായിരുന്നില്ല. കയ്യിൽ കാശില്ലാതെയും; സഹായത്തിന്നായി അങ്ങുമിങ്ങും തിരിഞ്ഞുനോക്കാൻ സ്നേഹിതന്മാർ ഇല്ലാതേയും മാക്ഡനാൾഡ് ലണ്ടൻപട്ടണത്തിലേക്കു തിരിച്ചു. അവിടെ ഒരു പാണ്ടികശാലയിലെ ഗുമസ്തൻെറ ജോലിയായിരുന്നു ഇദ്ദേഹത്തിന്നു് ഒന്നാമതായി കിട്ടിയതു്. ഇതു ജീവിതമാകുന്ന ഏണിയുടെ ഒന്നാമത്തെ പടിയായി കരുതി സ്ഥിരോത്സാഹിയായി പ്രവൎത്തിച്ചുപോന്നു. ലണ്ടനിലെ വി

ശേഷപ്പെട്ട പുസ്തകശാലയായിരുന്ന "ഗിൽഡ്ഫോറം" എന്ന ഗ്രന്ഥശാലക്കു സമീപമായിരുന്നു മാക്ഡനാറം ഡിൻെറ പ്രവൃത്തിശാല. അദ്ദേഹം ഒഴിവുള്ള സമയങ്ങളെല്ലാം ചെലവാക്കിയത് അവിടെയായിരുന്നു. ഉച്ചക്കു സാപ്പാടിന്നായുള്ള മിക്ക സമയവും ഈ പാണ്ടികശാല ഗുമസ്തൻ ലൈബ്രറിയിൽതന്നെ കഴിച്ചുകൂട്ടി. പ്രവൃത്തിസമയംകഴിഞ്ഞാൽ ചില പ്രത്യേകവിഷയങ്ങറം പഠിപ്പിച്ചിരുന്ന ക്ലാസ്സുകളിൽ ചേൎന്നു മാക്ഡനാറംഡ് പഠിച്ചുവന്നു. അല്പം കഴിഞ്ഞപ്പോറം ഒരു ശാസ്ത്രജ്ഞനുമായി പരിചയമായി. "സയൻസ്"എന്നു പറയുന്ന നവീനശാസ്ത്രത്തിൽ അതിസാമൎത്ഥ്യം കണ്ടതിനാൽ അദ്ദേഹത്തിൻെറ പ്രേരണയാൽ മാക്ഡനാറംഡ് പാണ്ടികശാലവിട്ടു ക്രമേണ സയൻസ്‌വിഷയത്തിൽ ചില പരീക്ഷകറംക്കുപോയി അവയും പാസ്സായി. പക്ഷെ ദേഹത്തെ തീരെ ഗണ്യമാക്കാതിരുന്നതിനാൽ മാക്ഡനാറംഡ് അധികം താമസിയാതെ സുഖക്കേടിലകപ്പെട്ടു. "ഉപ്വൃതീശാപം ഉപകാരം"എന്ന ചൊല്ലു് അദ്ദേഹത്തിൻെറകാൎയ്യത്തിൽ ശരിക്കുപററി. ഈ സുഖക്കേടുകാലത്തായിരുന്നു സയൻസ്‌വിട്ട് ഭരണകാൎയ്യവിഷയത്തിൽ മാക്ഡനാറംഡിൻെറ ശ്രദ്ധപതിഞ്ഞിരുന്നത്.

ബ്രിട്ടീഷുരാജ്യഭരണത്തിന്നു ഉത്തരവാദിയായപാർളിമെൻറ്സഭയിലെ അംഗമാവാൻ ഉത്സാഹിച്ചിരുന്ന ഒരാറം മാക്ഡനാറംഡിനോടു തൻെറ പ്രൈവററ് സിക്രട്ടറിയായിരിക്കുമോ എന്നന്വേഷിച്ചു. ആഴ്ചയിൽ 40 ഷില്ലിങ്ങ് (30ക) ശമ്പളം കൊടുക്കാം എന്നുപറഞ്ഞത് ഈ യുവാവിന്നു വലിയ "നിധി"യായിത്തോന്നി. ബ്രിട്ടീഷുരാജ്യതന്ത്രകാൎയ്യങ്ങറം പഠിക്കുവാൻ ഇതു നല്ലൊരുഅവസരമായിരുന്നു. അയാളുടെ കൂടെ നാലുകൊല്ലം കഴി

ച്ചതിൽ പിന്നെ തന്റെ തൂലിക തനിക്കു ഭക്ഷണം നൽകുമെന്നും പരോപകാരപ്രദമായ ഉദ്യമങ്ങളിൽ തന്നെ സഹായിക്കുമെന്നും മാക്ഡനാൾഡ് മനസ്സിലാക്കി. പത്രലേഖകന്റെ നിലയിൽ ചില പത്രങ്ങളിൽ ശക്തിയുള്ള ലേഖനങ്ങൾ എഴുതിവിട്ടു. പാർലിമെന്റിലെ ഒരു അംഗമാവാൻ താനുതന്നെ ഉത്സാഹിച്ചു. ഇതിനിടയിൽ കൂലിവേലക്കാരുടെ സംഘങ്ങൾ ഏർപ്പെടുത്തിയും, സമത്വം, സാഹോദര്യം, ധനവാന്മാരുടെ മുറകൾ എന്നിങ്ങിനെയുള്ള വിഷയങ്ങളെപ്പററി പ്രസംഗിച്ചും മററും ഇദ്ദേഹം കുറെ സഞ്ചരിച്ചു. ഒരു ദിവസം മാക്ഡനാൾഡിന്ന് ഒരു സ്ത്രീയുടെ കത്തും, തന്റെ മഹത്തായ ഉദ്യമത്തിലേക്ക് ഉപയോഗിച്ചുകൊള്ളുവാനാണെന്നു പറഞ്ഞുംകൊണ്ടു ബേങ്കിലേക്ക് ഒരു ചെക്കും കിട്ടി. അധികം താമസിയാതെ അവർ രണ്ടുപേരും കണ്ടുമുട്ടുവാനിടയായി. അവരുടെ ജീവിതാദർശങ്ങൾ ഒന്നായിരുന്നതിനാൽ കല്യാണവും വേഗം കഴിഞ്ഞുകൂടി. ഈ മഹതി മാക്ഡനാൾഡിനെ പല നിലയിലും സഹായിച്ചുപോന്നു. അവർ രണ്ടുപേരും കുറെകാലം അമേരിക്ക, കാനഡ, ഇന്ത്യ, ആഫ്രിക്ക, ആസ്ത്രേലിയ എന്നീരാജ്യങ്ങളിൽ സഞ്ചരിച്ചു. അധികകാലം ദാമ്പത്യസുഖം അനുഭവിച്ചിരിക്കുവാൻ അവക്കു സാധിച്ചില്ല. 1911-ലാണ് ഭാൎയ്യ മരിച്ചത്. ഭാൎയ്യയുടെ മരണം മാക്ഡനാൾഡിന്നു വലിയൊരു നഷ്ടമായിത്തീൎന്നു. അനീതിയോടുള്ള തന്റെ പോരാട്ടത്തിൽ ഭർത്താവോടു ഒപ്പമായിത്തന്നെ ഭാൎയ്യയും പൊരുതിയിരുന്നു. സൌജന്യാദി ഗുണങ്ങളുടെ ഒരു ഉത്തമദൃഷ്ടാന്തമായിരുന്നു ഈ മഹതിയുടെ ജീവിതവും. കുറേകാലം മാക്ഡനാൾഡും 5 മക്കളും വളരെ വ്യസനത്തിൽ കഴിച്ചുവെങ്കിലും ജനങ്ങളോടു, പ്രത്യേകിച്ചു സാധുജനങ്ങളോടു, ത

നിക്കുള്ള ഉത്തരവാദിത്വം അദ്ദേഹം മറന്നിരുന്നില്ല. ക്രമേണ മാക്ക് ഡനാൾഡ് തൊഴിലാളികളുടെ മുഖ്യ നേതാവായിത്തീൎന്നു. ബ്രിട്ടീഷ് സാമ്രാജ്യത്തിൻെറ മുഖ്യമന്ത്രിയുടെ നിലയിൽ പല ഗുണങ്ങളും നാട്ടുകാൎക്കവേണ്ടിചെയ്യുന്നുണ്ട്. ലോകത്തിൽ യുദ്ധം മേലാൽ ഉണ്ടാകാതിരിക്കാനുള്ള ഏൎപ്പാടു ചെയ്യാനാണ് മാക് ഡനാൾഡ് മുഖ്യമായി അദ്ധ്വാനിച്ചുവരുന്നത്. ഈ മഹാന്നു ഇപ്പോൾ 65 വയസ്സായി. രാജ്യകാൎയ്യവിഷയങ്ങളിൽ പ്രവേശിക്കാനുള്ള ഒരവസരം മാക്ക് ഡനാൾഡ് വെറുതെ കളഞ്ഞിരുന്നുവെങ്കിൽ ഇന്നും മീൻപിടുത്തക്കാരനായൊ ഉരുളക്കിഴങ്ങ് വിൽക്കുന്നവനായോ മാത്രം ജീവിതം നയിക്കേണ്ടിവരുമായിരുന്നു. ലോകനന്മക്കായി സ്ഥിരപ്രതിജ്ഞയോടുകൂടി പ്രവൎത്തിക്കുന്ന ഒരു മഹാൻ ലോകത്തിനു നഷ്ടവുമാകുമായിരുന്നു. ജീവിതയുദ്ധക്കളത്തിൽ, പ്രത്യേകിച്ചു രാഷ്ട്രീയകളരിയിൽ, ഇദ്ദേഹം അനുഭവിക്കേണ്ടിവന്ന ബുദ്ധിമുട്ടുകളും കഷ്ടതകളും ചില്ലറയല്ല. അവയൊന്നും ഗണ്യമാക്കാതെ അദ്ധ്വാനിച്ചു പ്രവൎത്തിച്ചുകൊണ്ടിരുന്നതിനാൽ ഇന്നിതാ ഒരു സാമ്രാജ്യഭരണത്തിൻെറ തലവനായി ഈ മഹാനെ നാട്ടുകാർ തിരഞ്ഞെടുത്തിരിക്കുന്നു.

ലോകത്തെ മുഴുവനും കുലുക്കിയ മഹായുദ്ധം ഇല്ലാതിരിപ്പാൻ മാക് ഡനാൾഡ് വളരെ യത്നിച്ചു. ഇംഗ്ലാണ്ടിലെ പാൎളിയമെൻററ് 1914 ആഗസ്റ്റ് 14-ാംനു- കൂടിയിരുന്ന യോഗത്തിൽനിന്നു ജൎമ്മനിയുമായി യുദ്ധം തുടങ്ങാമെന്നു നിശ്ചയിച്ചിരുന്ന അവസരത്തിൽ രാജ്യകാൎയ്യ സിക്രട്ടെരിയെ നോക്കി വളരെ വ്യസനത്തോടെ മാക്

ഡനാൾഡ് ഇപ്രകാരം പറഞ്ഞു:—"നിങ്ങളുടെ നയം നന്നല്ലെന്നു മേലാൽ ചരിത്രം ഘോഷിക്കും".

ജനങ്ങളിൽ ഭൂരിപക്ഷവും യുദ്ധഭ്രാന്തന്മാരായതുകൊണ്ടു അവർ മാക്ഡനാൾഡിനെ ദൂഷിക്കുവാൻ തുടങ്ങി. കുറെ കൊല്ലങ്ങളോളം പാർലിയമെൻററിലെ അംഗമായിക്കൂടി അദ്ദേഹത്തെ തിരഞ്ഞെടുത്തില്ല. 1923-ൽ പിന്നേയും അദ്ദേഹം ജനസമ്മതൻെറ നിലയിൽ തൊഴിലാളിസംഘംനേതാവായി. തൊഴിലാളിസംഘചരിത്രത്തിൽ ഒന്നാമതായി ബ്രിട്ടീഷ്സാമ്രാജ്യഭരണം ഉടനെ ഏറെറടുത്തു. മാക്ഡനാൾഡ് മുഖ്യ മന്ത്രിയായി. പക്ഷെ ടോറി, ലിബറൽ എന്നീ പേർ പറയുന്ന രണ്ട് എതിർകക്ഷികളും ഒത്തുകൂടി തൊഴിലാളികക്ഷിയെ അധികം താമസിയാതെ ഭൂരിപക്ഷം ഇല്ലാതാക്കിത്തീർത്തു. മാക്ഡനാൾഡ് മന്ത്രിസ്ഥാനവും രാജിവെക്കേണ്ടിവന്നു.

1929-ൽ തൊഴിലാളികക്ഷിതന്നെ രണ്ടാമതും മുന്നണിയിൽ വന്നു, റാംസെ മാക്ഡനാൾഡ് മന്ത്രിസ്ഥാനം കയ്യേററു. പിന്നീട് തൊഴിലാളികക്ഷിയിൽ ചിലർ അദ്ദേഹത്തിന്ന് എതിരായപ്പോൾ എല്ലാ കക്ഷിക്കാരും കൂടി "നേഷനൽഗവമേൺ്" ഏർപ്പെടുത്തി മാക്ഡനാൾഡിനെ തന്നെ മന്ത്രിയായി രാജ്യകാര്യം ഭരമേല്പിച്ചു.

ലോകത്തിൽ സ്ഥിരമായ സമാധാനം ഉണ്ടായ്ത്തീരാനാണ് അദ്ദേഹം ഒന്നാമതായി പ്രയത്നിച്ചുവരുന്നത്. "വലിയ തോക്കുകൾകൊണ്ടും പട്ടാളങ്ങൾകൊണ്ടും നമുക്ക് സ്ഥിരമായ സമാധാനം ഉണ്ടാക്കിത്തീക്കാൻ സാധിക്കയില്ല. സഹകരണംകൊണ്ടും അന്യോന്യ സൌഹാർദ്ദംകൊണ്ടും മാത്രമെ അതു സാധിക്കയുള്ളൂ" എന്നു ഈ മഹാൻ എപ്പോഴും കൊട്ടിഘോഷിച്ചുകൊണ്ടിരിക്കുന്നു.

# ഭാരതമാതാവിന്റെ പുത്രന്മാരിൽ
# അഗ്രഗണ്യനായ
# ഒരു മഹാൻ.

---

വിലയേറിയ അനേകായിരം രത്നങ്ങൾ ഭൂമിയുടെ അടിയിൽ കിടക്കുന്നു; സ്വൎണ്ണത്തിന്നും കണക്കില്ല. എന്നാൽ ഇവയെല്ലാം എടുത്തനുഭവിക്കാൻ അൎഹന്മാരാകുന്നത് ആരാണ്? ബുദ്ധിമാഹാത്മ്യംകൊണ്ടു മാത്രം ഇവയെ ഭൂമിയുടെ മുകളിൽ എത്തിക്കുവാൻ കഴിയുന്നതല്ലെന്നു കോലാറിലേയും മററും സ്വൎണ്ണഖനികൾ കാണ്മാനൊ അവയിൽ ഇറങ്ങിനോക്കുവാനൊ സാധിച്ചവൎക്ക് ഉടനെ ബോദ്ധ്യപ്പെടും. എന്നാൽ ബുദ്ധിശക്തി, സ്ഥിരോത്സാഹം, സംഘടനാശക്തി എന്നിവ ഒത്തുകൂടിയാൽ മാത്രമെ ഏതു വലിയ കാൎയ്യവും സാധിക്കയുള്ളു എന്ന തത്വം മനസ്സിലാക്കി തന്റെ അഗാധബുദ്ധിയും സ്വാത്മത്യാഗം, പരോപകാരതല്പരത എന്നീ സ്വഭാവഗുണങ്ങളും ഇന്ത്യാരാജ്യത്തിന്നുവേണ്ടി അൎപ്പിച്ച ഒരു മഹാനാണ് ശ്രീമാൻ ഗോപാലകൃഷ്ണഗോഖലെ. ചെറുപ്പത്തിൽതന്നെ തന്റെ നാട്ടുകാരുടെ സ്നേഹബഹുമാനങ്ങൾക്കു ഗോഖലെ പാത്രമായിത്തീൎന്നു. യൂറോപ്യന്മാരുടെ നയങ്ങളെപ്പററി ചിലപ്പോൾ കഠിനമായി ആക്ഷേപിക്കാറുണ്ടെങ്കിലും അവരും അദ്ദേഹത്തോടു വലിയ ബഹുമാനവും സ്നേഹവുമുള്ളവരായിരുന്നു. ഗോഖലെ ഒരു ഉത്തമ രാജ്യാഭിമാനിയും രാജഭക്തനുമായിരുന്നു.



1866-ൽ മഹാരാഷ്ട്ര രാജ്യമായ കോലാപൂരിയിൽ ഒരു സാധുകുടുംബത്തിലായിരുന്നു ഗോഖലയുടെ ജനനം. എഫ്. എ. പരീക്ഷ പാസ്സായതുവരെ അവിടത്തെ കോളെജിലായിരുന്നു പഠിച്ചുവന്നത്. 1884-ൽ ബൊമ്പായിലെ എൽഫിൻസ്റ്റൻ കോളേജിൽ പഠിച്ചു ബി. എ. ബിരുദും സമ്പാദിച്ചു. ഇങ്ങിനെ സ്കൂൾ വിദ്യാഭ്യാസം മതിയാക്കിയ ഉടനെ ജീവിതജോലിയിലായി. ഒരു സ്കൂൾമാസ്റ്റരുടെ ഉദ്യോഗമായിരുന്നു ഈ യുവാവു സ്വീകരിച്ചതു. ആ കാലങ്ങളിൽ സ്വാർത്ഥത്യാഗികളായി അല്പം ചിലർകൂടി ഡക്കാൻ വിദ്യാഭ്യാസയോഗം എന്ന ചെറിയൊരു യോഗം സ്ഥാപിച്ചു. അവരുടെ ജീവദശയുടെ മുഖ്യഭാഗം വിദ്യാഭ്യാസവർദ്ധനത്തിന്നായും, യുവാക്കന്മാരെ അതിമഹത്തായ ആദർശങ്ങളിൽ താല്പര്യമുള്ളവരാക്കിത്തീർക്കുന്നതിനായും നയിച്ചിരുന്നു. 70 ക. മാസ്സപ്പടിയായി പൂനാ പട്ടണത്തിലെ ഫർഗ്ഗ്യുസൻ കോളേജിൽ ഗോഖലെ ഒരു പ്രൊഫസരായിച്ചേർന്നു. അന്നുമുതല്ക്കു 20 കൊല്ലം വിദ്യാഭ്യാസത്തിന്നുവേണ്ടി തന്റെ ജീവിതം അർപ്പിക്കണമെന്നു അദ്ദേഹം മനസ്സുകൊണ്ടു തീർച്ചപ്പെടുത്തി. തന്നോടുതന്നെ ചെയ്തിട്ടുള്ള ഈ ശപഥം നിറവേററുകയും ചെയ്തു. ക്രമേണ ഗോഖലെ ആ വിശിഷ്ടവിദ്യാലയത്തിലെ പ്രിൻസിപ്പാലായിത്തീർന്നു. അനേകം യുവാക്കന്മാർ ഈ മഹാന്റെ ഉത്തമഗുണങ്ങളിൽനിന്നു പല പാഠങ്ങളും പഠിച്ചിട്ടുണ്ടെന്നു പറയേണ്ടതില്ലല്ലോ. ഇങ്ങിനെയുള്ള ആദർശപുരുഷന്മാരിൽ ചിലരെങ്കിലും വിദ്യാഭ്യാസോന്നമനത്തിനായി തങ്ങളുടെ ജീവിതം അർപ്പി

ക്കമെങ്കിൽ മാത്രമെ വാസ്തവമായ വിദ്യാഭ്യാസത്തിൻെറ ഫലം നമ്മുടെ നാട്ടുകാരും ഭാവി പൌരന്മാരും അനുഭവിക്കയുള്ളൂ.

അദ്ധ്യാപകകൃത്യങ്ങൾക്കു പുറമെ ഈ കാലങ്ങളിൽ മററു പൊതുജനവിഷയങ്ങളിലും ഗോഖലെയുടെ ശ്രദ്ധപതിഞ്ഞിരുന്നു. ബോമ്പായിൽ ഒരു ഹൈക്കോടതിജഡ്ജിയായിരുന്ന റാനഡെ എന്ന മഹാൻെറ പ്രത്യേക നോട്ടത്തിൻകീഴിൽ ഗോഖലെ 12 കൊല്ലം രാജ്യകാര്യസംബന്ധമായ വിഷയങ്ങൾ അദ്ധ്യയനംചെയ്തു. പൂനയിൽനിന്നു പ്രസിദ്ധപ്പെടുത്തിയിരുന്ന "സുധാകര" എന്ന ഇംഗ്ലീഷ്—മറാട്ടിപത്രത്തിൻെറ ഒരു അധിപസ്ഥാനവും കുറെകാലം നമ്മുടെ കഥാപുരുഷൻ വഹിച്ചിരുന്നു. ഇങ്ങിനെയുള്ള പല ജോലിത്തിരക്കുകളുടെഇടയിൽ നാലുകൊല്ലത്തോളം ബോമ്പായി സംസ്ഥാനരാഷ്ട്രീയസഭയുടെ സിക്രട്ടരി ആയിരിക്കുവാനും അദ്ദേഹം സമയം കണ്ടിരുന്നു. പൊതുജനകാര്യങ്ങളിൽ ഗോഖലെക്കുള്ള ശ്രദ്ധയും അഗാധജ്ഞാനവും അന്നുതന്നെ ജനങ്ങൾ നല്ലവണ്ണം അറിഞ്ഞിരുന്നു. നമ്മുടെ രാജ്യത്തിലെ വരവുചെലവു കണക്കുകളെപ്പററി അന്വേഷിക്കുവാൻ നിശ്ചയിക്കപ്പെട്ടിരുന്ന വെൽബിക്കമ്മീഷൻെറ മുമ്പാകെ തെളിവുകൊടുക്കേണ്ടതിന്നു ഇംഗ്ലാണ്ടിലേക്കുപോകുവാൻ 1897-ൽ ബോമ്പായിലെ പൊതുജനങ്ങൾകൂടി തിരഞ്ഞെടുത്തിരുന്നതു ഗോഖലയേയും വാച്ചാ എന്ന പ്രസിദ്ധനായ മഹാനേയുമായിരുന്നു. അന്നു ഇന്ത്യയെ സംബന്ധിച്ച കാര്യങ്ങളെപ്പററി ഇംഗ്ലാണ്ടിൽവെച്ചു അനേകം പ്രസംഗങ്ങളും ഗോഖലെ നടത്തിയിരുന്നു.

1902-ൽ മാസത്തിൽ 30ക. പെൻഷനായി ഫർഗ്ഗൂസൻകോളേജിലെ പ്രിൻസിപ്പാൽ സ്ഥാനത്തിൽനിന്നു അദ്ദേഹം പിരിഞ്ഞു. ഇതിന്നു അല്പം മുമ്പുതന്നെ ഗോഖലയെ ബോമ്പായിൽ നിയമനിർമ്മാണസഭയിലെ ഒരു അംഗമായിജനങ്ങൾ നിയമിച്ചിരുന്നു. അപ്പോൾഇന്ത്യാരാജ്യത്തിന്നൊട്ടാകെയുള്ള സാമ്രാജ്യനിയമനിർമ്മാണസഭയിലെഒരംഗമായും അദ്ദേഹത്തെ തിരഞ്ഞെടുത്തു. ഗോഖലയുടെ പ്രസംഗങ്ങൾ കേൾക്കുവാനും അവയെപ്പററി പത്രങ്ങളിൽ വായിക്കുവാനും ജനങ്ങൾക്കു വലിയ പ്രതിപത്തിയായിരുന്നു. ഏതൊരു വിഷയത്തെപ്പററി വാദപ്രതിവാദങ്ങൾ നടത്തുമ്പോഴും അവയെപ്പററിയുള്ള എല്ലാ കണക്കുകളും വിവരങ്ങളും കാണിച്ചുകൊണ്ടു പ്രസംഗിച്ചിരുന്നതിനാൽ അദ്ദേഹം സഭകളിൽവെച്ചു പ്രസംഗിക്കുവാൻ എഴുന്നീല്ക്കുമ്പോൾതന്നെ എതിർകക്ഷികൾക്കും യൂറോപ്യന്മാൎക്കുകൂടിയും ഭയവും ബഹുമാനവും ഉണ്ടായിരുന്നുപോൽ. ഗോഖലെയുമായി പൊരുതുന്നതു തനിക്കു വലിയ സന്തോഷമായിരുന്നുവെന്നും താൻ ഇടപെട്ടവരിൽ ഏററവും പ്രാപ്തനായ ഇന്ത്യക്കാരൻ അദ്ദേഹമായിരുന്നുവെന്നും ഒരവസരത്തിൽ ഇന്ത്യയിലെ വൈസറോയി ആയിരുന്ന കഴ്സൺപ്രഭു പറഞ്ഞിട്ടുണ്ടു്. ഭാരതഭൂമിയുടെ കഷ്ടതകളെപ്പററിയും, നമുക്കു അത്യാവശ്യമായ പരിഷ്കാരങ്ങളെക്കുറിച്ചും ഇവിടെവെച്ചു മാത്രമല്ല, പിന്നീടു ഇംഗ്ലണ്ടിലും രണ്ടുമൂന്നുകുറി പോയി ഗോഖലെ ശക്തിയായി വാദിച്ചുകൊണ്ടിരുന്നു. ഇവയുടെ ഫലമായി പലതും സാധിച്ചിട്ടുമുണ്ടു്.

ഓരോ സംസ്ഥാനത്തിൽ അല്പം ചിലരെങ്കിലും രാജ്യസേവനത്തിന്നു വേണ്ടി തങ്ങളുടെ ജീവനെ അർപ്പിക്കുവാൻ ഒരുങ്ങുന്നതു അത്യാവശ്യമാണെന്നുകണ്ടു ഭാരതസേവാസംഘം (Servants of India Society) എന്ന പേരിൽ ഗോഖലെ ഒരു സ്ഥാപനം ഏറ്റപ്പെടുത്തി. നമ്മുടെ രാജ്യത്തിന്നുവേണ്ടി ഗോഖലെ ചെയ്തിട്ടുള്ള അനവധി ഗുണങ്ങളിൽ ഇതിന്നു നിശ്ചയമായും ഒന്നാംസ്ഥാനം കൊടുക്കേണ്ടതാണ്. ഈ ഏല്പാടുനിമിത്തം വലിയ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരും ബുദ്ധിമാന്മാരും പ്രാപ്തന്മാരുമായ കുറേപേർ ഇങ്ങിനെ തങ്ങളുടെ ജീവിതത്തിന്ന് അത്യാവശ്യമായ ഒരു തുക മാത്രം ശമ്പളമായി വാങ്ങി പല സ്ഥലങ്ങളിലും വേലചെയ്തുകൊണ്ടിരിക്കുന്നു. കേവലം രാജ്യഭരണകാര്യങ്ങളിൽ മാത്രമല്ല, അതിയായി ക്ഷാമംകൊണ്ടും മററും ജനങ്ങൾ സങ്കടപ്പെടുന്ന അവസരങ്ങളിലും ഈ "സേവകന്മാർ" അത്യദ്ധ്വാനംചെയ്തു പ്രവൎത്തിക്കുകയും, മററുള്ളവരുടെ സഹായം അഭ്യർത്ഥിച്ചുകൊണ്ട് അതാതവസരത്തിന്നു യോജിച്ച ഓരോ സംഘടന ഏൎപ്പെടുത്തുകയും ചെയ്യുന്നുണ്ട്. മലബാറിലെ നാട്ടുപുറങ്ങളിലെ അഭിവൃദ്ധിക്കുവേണ്ടിയും മുതിർന്നവരുടെ വിദ്യാഭ്യാസത്തിന്നു വേണ്ടിയുംമററും കോഴിക്കോട്ട് ഏൎപ്പെടുത്തിയ "ദേവധാർ മലബാർ റികൺസ്ട്രക്ഷൻട്രസ്റ്റ്" എന്ന സ്ഥാപനം ഈ സേവാസംഘത്തിന്റെ ഭരണത്തിൻകീഴിൽ നല്ല നല്ല വേലചെയ്യുന്നുണ്ട്. ഇങ്ങിനെ ഇന്ത്യാരാജ്യം ഒട്ടുക്കും പടർന്നുപിടിച്ച ഒരു സംഘടനയുടെ

കർത്താവു മഹാനായ ഗോഖലെയാണെന്നു ഭാരതമാതാവോടു സ്നേഹമുള്ള എല്ലാ സന്താനങ്ങളും കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ടതാണ്.

സാമുദായികനിലയിൽ നമ്മുടെ നാട്ടിൽ കണ്ടുവരുന്ന അനീതികളോടും ഈ മഹാൻ ശക്തിയോടുകൂടി പൊരുതാതിരുന്നിട്ടില്ല. ഇതിനുള്ള വലിയ ആയുധം ഗോഖലെ തന്നെ നടത്തിവന്നിരുന്ന "ദായൻപ്രകാശ്" എന്ന മറാട്ടിദിനപത്രമായിരുന്നു. ദേഹത്തെ വ്യായാമംകൊണ്ടും മററും ശരിയായി സൂക്ഷിക്കാതെ അത്യദ്ധ്വാനംചെയ്തു ജീവിച്ചിരുന്നതിനാൽ 'ഇന്ത്യാരാജ്യത്തിന്റെ തിളങ്ങുന്ന നക്ഷത്രം' എന്ന പേരെടുത്ത ഈ മഹാൻ അധികം പ്രായംചെല്ലുന്നതിന്നുമുമ്പ് ഇഹലോകംവിട്ടു. ഗോഖലെയെകൊണ്ട് ഇനിയും സാധിക്കാവുന്ന വൻകാര്യങ്ങൾ നമ്മുടെ രാജ്യത്തിന്നു നഷ്ടമായില്ലേയെങ്കിലും, ആ ചെറിയ ജീവിതത്തിൽ എന്തെല്ലാം മഹാകൃത്യങ്ങൾ സാധിച്ചുവെന്നോക്കുമ്പോൾ നാം ഓരോരുത്തരും നമ്മുടെ സമയവും ശക്തിയും ശരിയായി ചെലവഴിക്കുന്നുണ്ടോ എന്നും, പെരുവെള്ളമാകുന്ന പൊതുജീവിതത്തിന്നുവേണ്ടി തുള്ളിയികുന്ന നമ്മുടെ ഓരോ ചെറുജീവനും വല്ലതും സ്ഥിരപ്രതിജ്ഞയോടെ പ്രവർത്തിക്കുന്നുണ്ടോ എന്നും ഗാഢമായി ആലോചിക്കേണ്ടതാണ്.



## ഒരു കുതിരക്കാരൻെറ

# ക്ലാസ്സ് കയററം.

"പേഷ്യൻ കോസാക്സ്" എന്ന കുതിരപ്പട്ടാളത്തിലെ ഒരു ഓഫീസരുടെ കുതിരക്കാരനായിരുന്ന റിസാഖാൻെറ ക്ലാസ്സ് കയററം ചരിത്രത്തിൽ ഒരുത്തമസ്ഥാനം അൎഹിക്കുന്നതാണ്. കുതിരക്കാരനായശേഷം അധികം താമസിയ്ക്കാതെ റിസാഖാൻ കുതിരപ്പട്ടാളക്കാരനായി. ഉത്സാഹംകൊണ്ടും സാമൎത്ഥ്യംകൊണ്ടും ഇദ്ദേഹം ക്രമേണ പട്ടാളത്തിൻെറ ഒരു മുഖ്യ നായകനായിത്തീൎന്നു. പേഷ്യയിലെ രാജ്യഭരണരീതി റിസാഖാന്ന് ഒട്ടും പിടിച്ചിരുന്നില്ല. അക്കാലത്തെ സുൽത്താൻ അഹമദ്ഷാ കാലാർ, അധികസമയവും ചെലവു ചെയ്തിരുന്നതു യൂറോപ്പിൽ പാരീസ് പട്ടണത്തിലായിരുന്നു. 1921 ഫിബ്രവരിമാസത്തിൽ 2000 കുതിരപ്പട്ടാളക്കാരുടെ നായകൻ മാത്രമായിരുന്നു റിസാഖാൻ. എങ്കിലും പൊതുജന നന്മക്കായി പല കാൎയ്യങ്ങളിലും സഹായം ചെയ്തിരുന്നതിനാൽ ജനങ്ങളുടെ ഇടയിൽ സുപരിചിതനായിത്തീരുകയും, നല്ല ജനസ്വാധീനം സമ്പാദിക്കുകയും ചെയ്തിരുന്നു. സുൽത്താനുംകൂടി റിസാഖാനെ വലിയ ബഹുമാനവും ഭയവുമായിരുന്നു. റിസാഖാൻെറ ഉദ്ദേശപ്രകാരം ഒരു പത്രപ്രവൎത്തകനും സാമുദായിക പരിഷ്കാരിയും ആയിരുന്ന സെയിദ് സിയഉദ്ധീൻ എന്നാളെ സുൽത്താൻ മന്ത്രിയാ

യി നിയമിച്ചു. പുതിയ രാജ്യഭരണസഭയിൽ പട്ടാള ഉദ്യോഗസ്ഥനായിരുന്ന റിസാഖാൻ ഒരു രാഷ്ട്രീയനേതാവായിത്തീൎന്നു. യുദ്ധസംബന്ധമായ കാൎയ്യങ്ങൾ നോക്കി നടക്കേണ്ട മന്ത്രി സ്ഥാനത്തു റിസാഖാനെയായിരുന്നു നിയമിച്ചിരുന്നതു്. രാജ്യഭരണസഭാമെമ്പർമാരും മുഖ്യമന്ത്രിയും ഇടക്കിടെ മാറിക്കൊണ്ടിരുന്നു. പക്ഷെ "വാർമിനിസ്റ്റ"രുടെ ഉദ്യോഗത്തിന്നു റിസാഖാനെക്കാൾ യോഗ്യനായി ആരേയും കണ്ടിരുന്നില്ല. രാജ്യഭരണത്തിന്നുത്തരവാദമുള്ള "കാബിനററ്" എന്ന മന്ത്രിസഭയുടെ അടുത്തടുത്ത മാററംകൊണ്ടുള്ള ദോഷം ശരിയായി മനസ്സിലാക്കിയിരുന്ന റിസാഖാൻ ഒടുക്കം മുഖ്യ മന്ത്രിസ്ഥാനം താൻതന്നെ കയ്യേററു. ഇതു് 1923 ഒക്ടോബർമാസത്തിലായിരുന്നു.

ഈ ശക്തനായ പ്രജയെ രാജ്യഭാരവും ഏല്പിച്ചുസുൽത്താൻപേൎഷ്യ വിട്ടുപോയി. 1924-ൽ രാജാവില്ലാതെ പേൎഷ്യയിൽ പൊതുജനഭരണമാക്കിയിരിക്കുന്നു എന്ന നിലയിൽ ഒരു വിളംബരം പ്രസിദ്ധപ്പെടുത്തുവാൻ റിസാഖാൻ ആലോചിച്ചു. പക്ഷെ സുൽത്താൻസ്ഥാനം റിസാഖാൻതന്നെ കയ്യേല്ക്കണംഎന്നായിരുന്നു ജനങ്ങളുടെ ആഗ്രഹം. ഇതിന്നു കുറെകാലത്തോളം റിസാഖാൻ വൈമനസ്യം കാട്ടി. പൊതുജന നന്മക്കായി എപ്പോഴും അദ്ധ്വാനംചെയ്തു ജീവിക്കണം എന്നുമാത്രമായിരുന്നു റിസാഖാൻെറ ആഗ്രഹം. ഒടുക്കം 1925 ഡിസേമ്പ്ര മാസത്തിൽ ജനങ്ങളുടെ ഹിതത്തിന്നനുസരിച്ചു പേൎഷ്യ

യിലെ രാജാവു എന്ന നിലയിലുള്ള 'ഷാ' സ്ഥാനം കയ്യേററു "റിസാഷാ ഫഹ്ലവി" ആയിത്തീർന്നു; 1926 ഏപ്രിൽമാസത്തിൽ രാജകിരീടവും ധരിച്ചു. പേർഷ്യാരാജ്യത്തിൽ പലനിലയിലും ഇദ്ദേഹം പരിഷ്കാരം വരുത്തുന്നുണ്ട്. റിസാഷാവിൻ്റെ ഛായാപടം കാണുമ്പോൾതന്നെ ഇദ്ദേഹം എന്തിനും പോരുന്നവനാണ് എന്നു ആർക്കും തോന്നിപ്പോകും. തൻ്റെ ക്ലാസ്സ്കയററത്തിൻ്റെ ഓരോ പടിയിലും ഉണ്ടായിരുന്ന പ്രതിബന്ധങ്ങളോടു മല്ലിടാതെ "എൻ്റെ യോഗമെന്നോ വിധിയെന്നോ" വെച്ചിരുന്നുവെങ്കിൽ റിസാഷാവിൻ്റെ നില ഇന്നും ഒരു കതിരക്കാരൻ്റെ നിലയിൽനിന്നു വളരെ വ്യത്യസ്തപ്പെട്ടുമായിരുന്നുവോ? അതു മാത്രമൊ, പേർഷ്യാരാജ്യത്തിനുള്ള നഷ്ടം എത്ര!



# ആഫ്റിക്കായിലെ
# വെള്ളത്ത രാജ്ഞി.

ആഫ്രിക്കായിൽ കാട്ടാളജാതിക്കാരുടെ ഇടയിൽ ഒരു മിഷ്യനറിയുടെ നിലയിൽ ജീവിതം നയിച്ചിരുന്ന "മേറി സ്ലെസ്സർ" എന്ന ഒരു മഹതിയുണ്ടായിരുന്നു. അവരെ "കാലബാറിലെ വെള്ളത്ത രാജ്ഞി" എന്നായിരുന്നു വിളിച്ചുവന്നിരുന്നത്. മേറി സ്ലെസ്സരുടെ ചെറിയൊരു ജീവചരിത്രം ഇംഗ്ലീഷുഭാഷയിൽ 1915-ൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. 1924-ൽ ഈ പുസ്തകത്തിന്റെ 21-ാം പതിപ്പു അച്ചടിച്ചുകഴിഞ്ഞിരിക്കുന്നു എന്നു കേട്ടാൽതന്നെ ഇതിന്നു എത്ര പ്രചാരമായിട്ടുണ്ടെന്നും, ഈ നായികയോടു ജനങ്ങൾക്കു എത്രയധികം സ്നേഹബഹുമാനങ്ങളുണ്ടെന്നും, ഊഹിക്കാമല്ലോ.

സ്കോട്ട്ലാണ്ടു രാജ്യത്തിലായിരുന്നു മേറിയുടെ ജനനം. ഒരു കൈത്തൊഴിൽശാലയിൽ ദിവസേന 8 മണിക്കൂർ അദ്ധ്വാനംചെയ്തു തീർക്കേണ്ടുന്ന പ്രവൃത്തികളുണ്ടായിട്ടും ഞായറാഴ്ചദിവസങ്ങളിലും മറ്റൊഴിവുള്ള സമയങ്ങളിലും സുഖിച്ചിരിപ്പാൻ മേറിക്കു ആഗ്രഹമുണ്ടായിരുന്നില്ല. പഠിപ്പിക്കാൻ ആളില്ലാത്ത തെണ്ടിച്ചെറുക്കന്മാർക്കുവേണ്ടി ഒരു "ഞായറാഴ്ച പാഠശാല" ഏർപ്പെടുത്തി വളരെ നല്ലനിലയിൽ കുറേക്കാലം നടത്തി. ബാലികയായപ്പോൾ അവൾ വലിയ കുടിയനായ ഒരാളുടെ കൂടെ താമസിക്കേണ്ടിവന്നു. ചെറുപ്പകാലങ്ങളിൽ ശരിയായ വി

ദ്ദ്യാഭ്യാസമുണ്ടാകാതിരുന്നാലുള്ള ദോഷങ്ങൾ മേരി ശരിയായി മനസ്സിലാക്കീട്ടുണ്ടായിരിക്കണം. അവളുടെസ്വഭാവഗുണങ്ങളും ഉത്സാഹശീലവും കണ്ടു "ഇവൾ ഒരു സാധാരണക്കാരത്തിയല്ല" എന്നു അക്കാലത്തുനാട്ടുകാരിൽ പലരും മേരിയെപ്പററി പറയുക പതിവായിരുന്നുവത്രെ.

അജ്ഞാനംകൊണ്ടും പരിഷ്ക്കാരസൂൎയ്യന്റെ രശ്മി തട്ടാത്തതുകൊണ്ടും ആഫ്രിക്കയിൽ കാട്ടാളന്മാരെപ്പോലെ ജീവിച്ചുപോന്നവരുടെ ഇടയിൽ നടന്നുപോരുന്ന കഷ്ടതകളെപ്പററി ആലോചിച്ചു ദുഃഖിച്ചു, ഒരു ദിവസം "എന്നെക്കൊണ്ടു കഴിയുന്നതു ഞാൻ ചെയ്യും" എന്നു മേരി ദൃഢപ്രതിജ്ഞ ചെയ്യുകയും ആഫ്രിക്കയിലേക്കു ഒരു മിഷ്യനറിയുടെ നിലയിൽ യാത്ര ചെയ്കയും ചെയ്തു. സുഖങ്ങളെ ഗണ്യമാക്കാതെ കാൽനടയായി നടന്നും, നാട്ടുകാരുടെ ഭാഷകൾ പഠിച്ചും, അവരുടെ ഭക്ഷണം കഴിച്ചും, പ്രസംഗങ്ങൾ ചെയ്തും കുറേക്കാലം അവിടെ പാൎത്തു. ഡംഭ് എന്താണെന്നു ഈ യുവതിക്കു നിശ്ചയമുണ്ടായിരുന്നില്ല; അവൾ അത്ര ശാന്തശീലയും വിനയസ്വഭാവിനിയുമായിരുന്നു. കാട്ടാളന്മാരെ വശത്താക്കുവാൻ തോക്കിന്റേയും കുന്തത്തിന്റേയും സഹായം അവൾക്കു വേണ്ടിവന്നില്ല. ആയുധങ്ങൾക്കു അവരെ ഉപദ്രവിക്കാനും നശിപ്പിക്കുവാനും ശക്തിയുണ്ടെങ്കിലും സ്നേഹമുള്ള അനുചരന്മാരാക്കിത്തീൎക്കുവാൻ അവക്കു സാധിക്കുന്നതല്ലെന്നു ആ മാന്യക്കു നല്ല ബോദ്ധ്യമുണ്ടായിരുന്നു. കാട്ടാളന്മാരുടെ ഇടയിൽ കഠോരമായ പല നടവടികളും ഉണ്ടായി

രുന്നു. ഒരു മൂപ്പൻ മൃതിപ്പെട്ടാൽ അവൻെറ ഭാൎയ്യമാരെ കൊത്തിമുറിച്ചു കഷണങ്ങളാക്കി പകുതി ജീവൻപോയ നിലയിൽ മൂപ്പൻെറ ശവത്തിൻെറകൂടെ മറവുചെയ്ക പതിവായിരുന്നു. മൂപ്പൻെറ പിററത്തെ ജീവദശയിൽ അവനെ സഹായിക്കുവാനും, അവന്നു വേണ്ടുന്ന ശുശ്രൂഷകൾ ചെയ്വാനും ഈ ഭാൎയ്യമാൎക്കു സംഗതിവരുമെന്ന വിശ്വാസംകൊണ്ടാണ് ഇപ്രകാരം ചെയ്യുന്നതു. വല്ല സ്ത്രീകളും ഇരട്ട പ്രസവിച്ചാൽ സമുദായത്തിന്നൊട്ടുക്കും സഹിക്കവയ്യാത്ത കോപമാണ്. അമ്മമാർ പിശാചുക്കളുമായി സേവയുള്ളവരായതുകൊണ്ടാണ് ഈ സംഭവമുണ്ടാകുന്നതു് എന്നു അവർ വിശ്വസിച്ചുപോന്നിരുന്നു. അമ്മമാരെ കോടാലികൊണ്ടു വെട്ടി, കഷ്ടപ്പെട്ടു മരിക്കുവാൻ തക്കവണ്ണം കററിക്കാടുകളിൽ ഇട്ടു കാട്ടുമൃഗങ്ങളെക്കൊണ്ടു തീററിക്കുകയും ചെയ്ക പതിവായിരുന്നു. ഒരുസ്ത്രീയെ ഇപ്രകാരം ചെയ്യുന്നതു മേറിക്കുതന്നെ കണ്മാൻ ഇടയായി. പ്രസ്തുത സംഭവം ഈ മഹതിയെ വല്ലാതെ വ്യസനിപ്പിച്ചു. അതിന്നുശേഷം ഇങ്ങിനെയുള്ള സംഭവങ്ങളിൽനിന്നു മേറി രക്ഷപ്പെടുത്തിയ സ്ത്രീകൾ കുറച്ചൊന്നുമല്ലായിരുന്നു. അവിടങ്ങളിൽ ഇരട്ടപ്രസവിച്ച സ്ത്രീകളെയെല്ലാം മേറിയുടെ വീട്ടിൽ സ്വന്തം മക്കളെപ്പോലെ അവൾ രക്ഷിച്ചുപോന്നു. അവൎക്കു മദാമ്മയോടു വലിയസ്നേഹവും ബഹുമാനവുമുണ്ടായിരുന്നു. കുട്ടികൾ വളൎന്നുവരുന്തോറും മേറിയുടെ പരോപകാരപ്രദങ്ങളായ ഉദ്യമങ്ങളിൽ അവർ വലിയ സഹായികളായിത്തീരുകയും ചെയ്തു. ക്രമേണ ആ നാട്ടുകാരിൽ അധികപക്ഷക്കാരും മേറിക്കു കീഴൊതുങ്ങി. അവിടുത്തെ ഗവൎമ്മേണ്ടു ഈ സ്തുത്യവാൎത്ത

കളെല്ലാം കേട്ടു മേറിയെ ജില്ലക്കു ഒട്ടുക്കും ന്യായാധിപതിയായി നിശ്ചയിച്ചു. മജിസ്ത്രേട്ടുദ്യോഗം സ്വീകരിപ്പാൻ വളരെ മടിയുണ്ടായിരുന്നുവെങ്കിലും, ആ സ്ഥാനത്തിനുള്ള അധികാരംകൂടിയുണ്ടായാൽ തന്റെ ഉദ്യമങ്ങൾ സഫലീകരിക്കുവാൻ വളരെ സഹായമായിത്തീരുമെന്നു മേറിക്കു മനസ്സിലായി. ഈ ധീരയായ മഹതിയുടെ മജിസ്ത്രേട്ടുനില ഒന്നു വേറെതന്നെയായിരുന്നു. മേറിയുടെ നീതിന്യായ പരിപാലനത്തിൽനിന്നു പെരുങ്കള്ളന്മാൎക്കും, കൊലയാളികൾക്കും രക്ഷകിട്ടുവാൻ തീരെ പ്രയാസമായിത്തീൎന്നു. കാട്ടാളമൂപ്പന്മാൎക്കുപോലും "വെളുത്ത രാജ്ഞി"യുടെ ഇഷ്ടത്തിന്നെതിരായി വല്ലതും ചെയ്യാൻ വലിയ മടിയായിരുന്നു. കാഴ്ചക്കു വലിയ സാധുവാണെങ്കിലും ഏതു മഹാത്മാവെ തന്റെ സൎവ്വസ്വമായി വിചാരിച്ചു ഭജിച്ചുകൊണ്ടിരിക്കുന്നുവൊ, ആ മഹാൻ സന്തോഷപൂൎവ്വം ചുമന്നുവന്നിരുന്ന ദുഃഖങ്ങളേയും ലോകജനന്മക്കായി ബലികൊടുത്തിരുന്ന രക്തത്തേയും ഈ മഹതി തന്റെ മാതൃകയായി സ്വീകരിച്ചു. ഏതു മഹാകൃത്യങ്ങൾ നിറവേററുന്നതിലും മേറി ഒരു അസാധാരണ ധൈൎയ്യമുള്ളവളായിരുന്നു. നാലുപാടും നിന്നു വിക്കിവിക്കി കരഞ്ഞുകൊണ്ടിരുന്ന കാട്ടാളക്കുട്ടികളുടെ ഇടയിൽനിന്നു 68-ാമത്തെ വയസ്സിൽ മേറിസ്‌ലെസ്സർ ഇഹലോകം വിട്ടുപോയി. ആഫ്രിക്കക്കാൎക്കു മാത്രമല്ല ലോകത്തിന്നൊട്ടുക്കും ഈ സ്ത്രീരത്നത്തിന്റെ മരണം എന്നേക്കും വലിയ നഷ്ടമായിത്തന്നെ ഇരിക്കുന്നതാണ്.

# ബുക്കർ ടി. വാഷിങ്ങ്ടൻെറ

# സ്മാരകം.

---

ബുക്കർ ടി. വാഷിങ്ങ്ടൻ അമേരിക്കയിലെ ഒരു നീഗ്രോ ആയിരുന്നു. പലവിധ ബുദ്ധിമുട്ടുകൾ സഹിച്ചു താൻതന്നെ പഠിച്ചു വിദ്വാനായിത്തീൎന്നതിന്നുശേഷം നീഗ്രോ സമുദായത്തെ അഭിവൃദ്ധിപ്പെടുത്താൻ അദ്ദേഹം അത്യദ്ധ്വാനംചെയ്തു സാധിച്ച കാൎയ്യങ്ങൾ എല്ലാവരും അറിഞ്ഞിരിക്കേണ്ടതു് അത്യാവശ്യമാകുന്നു.

"എന്തുചെയ്യുന്നതും ശരിയായും പൂൎത്തിയായും ചെയ്യണം" എന്ന ഒരു നിഷ്ഠ ചെറുപ്പത്തിൽതന്നെ വാഷിങ്ങ്ടന്നുണ്ടായിരുന്നു എന്നതു ചെറിയൊരു സംഭവത്തിൽനിന്നു നമുക്കു മനസ്സിലാക്കാവുന്നതാണ്. വാഷിങ്ങ്ടന്നു പതിമൂന്നോ പതിന്നാലൊ വയസ്സുമാത്രമെ ആയിരുന്നുള്ളു. ആ കാലത്തു് പഠിക്കുവാനുള്ള അത്യാഗ്രഹംകൊണ്ടു് ഹേംടൻ വിദ്യാലയത്തിൽ ചേൎത്തികിട്ടുവാൻ ക്ഷീണവും വിശപ്പും ക്രൂസലാക്കാതെ കുട്ടി വളരെദൂരംനടന്നു, വിദ്യാലയത്തിന്നടുത്തുള്ള ഒരു മുറിയിൽ ഇരിക്കുകയായിരുന്നു. ഓരോ വിദ്യാൎത്ഥിയുടെയും പരീക്ഷ കഴിഞ്ഞു ചിലരെ സ്കൂളിൽ ചേൎക്കുന്നതും ചിലരെ മടക്കി അയക്കുന്നതും കണ്ടു വാഷിങ്ങ്ടന്നു പരിഭ്രമമമായി. വിദ്യാഭ്യാസം സിദ്ധിക്കാനായുള്ള തൻെറ പരിശ്രമം ഫലവത്തായ്വരുമൊ എന്ന കാൎയ്യം വലിയസംശയമായി. കുറേനേരംകഴിഞ്ഞപ്പോൾ വിദ്യാലയത്തിൻെറ മുഖ്യ നാഥയായ മിസ്സ് മേറി

മേക്കി വാഷിങ്ങ്ടനേയും വിളിച്ചു. ഈ മഹതി കുറേനേരം കുട്ടിയെ തുറിച്ചുനോക്കി. അവനു ഇംഗ്ലീഷിലൊ കണക്കിലൊ ഉള്ള ജ്ഞാനത്തെപററി ഒന്നും ചോദിക്കാതെ "അടുത്ത മുറി അടിച്ചുവാരേണ്ടതുണ്ട്; നീ പോയി അത് അടിച്ചുവാരുക" എന്നു മാത്രം അവർ ഗൌരവത്തിൽ പറഞ്ഞു. മുറിയിലുള്ള കസേല മേശകളെല്ലാം നീക്കി നാല പ്രാവശ്യം വാഷിങ്ങ്ടൻ മുറി നല്ലവണ്ണം അടിച്ചുവാരി. മിസ്സ് മേക്കി ആമുറിയിൽ കടന്നു. അലക്കി എടുത്ത ഒരു ഉറുമാലെടുത്ത് ഡെസ്കുകളുടെയും മററം മൂലകൾ പരിശോധിച്ചു. ഒരു പൊടിപോലും കണ്ടുകിട്ടിയില്ല. "ഈ വിദ്യാലയത്തിൽ ചേരുവാനുള്ള യോഗ്യത നിനക്കുണ്ടെന്ന് എനിക്കു തോന്നുന്നു" എന്നും പറഞ്ഞു ലോകത്തിൽ വലിയ ശ്രുതി സമ്പാദിക്കേണ്ടു ഈ ബാലനെ അവിടെ ചേൎത്തു. സ്കൂൾ പഠിപ്പു മതിയാക്കിയ ഉടനെ താൻ ജനിച്ചുവളൎന്നതായ പാവപ്പെട്ട നീഗ്രോ സമുദായക്കാൎക്കവേണ്ടി ഒരു വിദ്യാലയം സ്ഥാപിക്കേണ്ടതാണ് തന്റെ ധൎമ്മം എന്നു കരുതി അതിന്നായി നിരന്തരം യത്നിച്ചുതുടങ്ങി. അതാകുന്നു ഇപ്പോൾ അമേരിക്കയിലെ വിദ്യാലയങ്ങളിൽ ഏററവും ശ്രുതിപ്പെട്ട "ടസ്കഗി ഇൻസ്റ്റിട്യൂട്ട്." ഇതിന്നു ഒരു സൎവ്വകലാശാല എന്നുതന്നെ പേർ വിളിക്കേണ്ടിവരും. മേല്പറഞ്ഞ യഥാൎത്ഥമഹാനായ ബുക്കർ ടി. വാഷിങ്ങ്ടന്റെ മഹത്തായ ഉത്സാഹവും പരോപകാരശീലവുമാണ് ഈ വിദ്യാലയത്തിന്റെ ജീവൻ. ടസ്കഗി ഇൻസ്റ്റിട്യൂട്ടിനേക്കാൾ ശ്രേഷ്ഠമായ വല്ല സ്മാരകവും വാഷിങ്ങ്ടനുവേണ്ടി സ്ഥാപിക്കുവാൻ വാഷിങ്ങ്ടനല്ലാതെ വേറെ വല്ലവൎക്കും സാധിക്കുമോ എന്ന കാൎയ്യം സംശയമാണ്. വാഷിങ്ങ്ടൻ തന്റെ ബുദ്ധ

യും സാമൎത്ഥ്യവും ടസ്കഗിക്കുവേണ്ടി നയത്തോടുകൂടി യായിരുന്നു ഉപയോഗിച്ചത് എന്നു് അതിന്നുവേണ്ടി അധികം ധനവ്യയംചെയ്തതു വെള്ളക്കാരാണ് എന്നറിഞ്ഞാൽതന്നെ മനസ്സിലാക്കാവുന്നതാകുന്നു. വാഷിങ്ങ്ടൻെറ ജീവിതമാഹാത്മ്യം അറിയുവാൻ ടസ്കഗിയുടെ ചരിത്രം അറിഞ്ഞാൽ മതിയാവുന്നതാണ്.

പൊതുജനസേവയാകുന്നു ടസ്കഗിയുടെ ആദൎശം. അമേരിക്കയിലെ ഒരു ശ്രുതിപ്പെട്ട ലേഖകൻ ടസ്കഗി ഇൻസ്റ്റിട്യൂട്ടിനെപ്പററി ഇപ്രകാരം എഴുതിയിരിക്കുന്നു.

"പൊതുജനങ്ങളുമായി അടുത്തു പെരുമാറി, കൃഷിക്കാരനെ അധികധാന്യം കൊയ്യുവാനും, നല്ല നല്ല നാല്ക്കാലികളെ നല്ല രീതിയിൽ പോററുവാനും തക്കവണ്ണം അഭ്യസിപ്പിക്കുക, വീട്ടുകാൎയ്യങ്ങൾ ശരിയായി നടത്തുവാൻ അടുക്കളഭരണം സ്ത്രീകളെ ശീലിപ്പിക്കുക, ജീവിതസ്ഥിതി പരിഷ്ക്കരിക്കുക, കൂലിക്കാരനെ അവൻെറ ജോലിയിൽ സാമൎത്ഥ്യമുള്ള കൂലിക്കാരനാക്കിത്തീൎക്കുക, ഇങ്ങിനെ ചുരുക്കിപ്പറയുകയാണെങ്കിൽ പൊതുജനങ്ങളുടെ സാമുദായികനില നന്നാക്കുകയാണ് ടസ്കഗി ഇൻസ്റ്റിട്യൂട്ടിൻെറ കൃത്യം".

ഇൻസ്റ്റിട്യൂട്ട് സാധാരണ പറയുംപ്രകാരം ഒരു സ്കൂളല്ല. അതു് ഒരു പട്ടണമാണെന്നുതന്നെ പറയാം. 40 വിധം കച്ചവടങ്ങളും കൈത്തൊഴിലുകളുംഉള്ള ഒരു വലിയ വ്യവസായ കല്പകവൃക്ഷമാണ് ഈ വിദ്യാലയം. അവിടെ ഉണ്ടാകുന്ന സാധനങ്ങളെല്ലാം ഭക്ഷിച്ചും ഉപയോഗിച്ചും അവിടെയുള്ളവർതന്നേ തീൎക്കുന്നു. ഇൻസ്റ്റിട്യൂട്ടിലെ എടുപ്പുകളെല്ലാംഉണ്ടാക്കുന്നത് അവിടെയുള്ള വിദ്യാൎത്ഥികളാണ്. ഒന്നാമതായി അവർതന്നെ എടുപ്പിന്നുവേണ്ട

വരുന്ന ഇഷ്ടികകളും മററും ഉണ്ടാക്കുന്നു. പിന്നെ വിദ്യാൎത്ഥികൾക്ക് ഉടുക്കുവാനുള്ള വസ്ത്രങ്ങൾ നെയ്യുകയും, പഠിക്കേണ്ട പുസ്തകങ്ങൾ ഉണ്ടാക്കി അച്ചടിക്കുകയും ചെയ്യുന്നത് ഈ വിദ്യാലയത്തിൽ നിന്നുതന്നെയാകുന്നു. ഇതെല്ലാം ചെയ്യുന്നതു സ്കൂളിലെ പാഠങ്ങളുടെ നിലയിലാണ്''

ടസ്കഗിയിലെ ഗുരുനാഥന്മാർ പറയുംപ്രകാരം 'ബുദ്ധിക്കു തീക്ഷ്ണതവരുത്തി, ഹൃദയത്തിന്നു പക്വതയും ശുദ്ധിയുമുണ്ടാക്കി, കൈയ്ക്കു ശക്തിയും പ്രവൃത്തിശീലനവും വൎദ്ധിപ്പിച്ചു സാമുദായോന്നമനത്തിന്നായി കച്ചകെട്ടിപുറപ്പെട്ട് ഉപകാരപ്രദമായ വല്ലതും സാമൎത്ഥ്യത്തോടുകൂടെ ചെയ്തും, അന്യന്മാരെ ശീലിപ്പിച്ചും ജീവിക്കുവാൻഒരുക്കമുള്ള യുവാക്കന്മാരെ അഭ്യസിപ്പിക്കുന്നതാണ് ടസ്കഗിയുടെ ധൎമ്മം. ശുചിത്വം, മൎയ്യാദ, സ്വാഭിമാനം, സ്വരക്ഷ എന്നീഗുണങ്ങൾ പാവപ്പെട്ടവരായ നീഗ്രോക്കാരുടെ ഇടയിൽ പരത്തുവാനുള്ള വലിയ ഏൎപ്പാടുകളും ടസ്കഗി ചെയ്തുവരുന്നുണ്ട്. "ബുദ്ധിശക്തി ഇല്ലാതെ സ്വാതന്ത്ര്യംലഭിക്കുവാൻ തരമില്ല, വ്യവസായം കൂടാതെ സ്വശക്തിയിൽ നില്ക്കുവാൻ വഴിയില്ല, സ്വഭാവഗുണങ്ങളില്ലാതെ പുരുഷന്നു വാസ്തവമായ ശക്തിയൊ സ്ത്രീക്കു ശരിയായ സൌന്ദൎയ്യമൊ ഉണ്ടാകുവാനിടയില്ല'' എന്നാകുന്നു അവിടത്തെ ആദൎശങ്ങളുടെ സൂക്ഷ്മതത്വം എന്ന് വലിയക്ഷരത്തിൽ എഴുതിവെച്ചിട്ടുണ്ട്.

1880-ലാണ് ടസ്കഗിക്കു അസ്തിവാരം ഇട്ടത്. സൎക്കാരിൽനിന്നു ഗുരുനാഥന്മാരുടെ മാസപ്പടിക്കായി 2000 ഡോളർ (6000-ത്തിലധികം ഉറുപ്പിക) ആദ്യകാലങ്ങളിൽ അനുവദിച്ചിരുന്നു. 30 വിദ്യാൎത്ഥികളും ഒരു ഗുരുനാഥ

നമായി 1881-ൽ കൂലിക്ക വാങ്ങിയ ഒരു പള്ളി എടുപ്പി ലാണ് ഒന്നാമത്തായി സ്കൂൾ തുടങ്ങിയത്. 1914-ൽ അ മേരിക്കയിലെ പല സ്റ്റേയിററുകളിലുമുള്ള 1527 വിദ്യാ ൎത്ഥികൾ സ്കൂളിൽ ഉണ്ടായിരുന്നു. ഇതിൽ 896 പുരുഷ ന്മാരും, 631 സ്ത്രീകളും ആയിരുന്നു. ഇതിന്നുപുറമെ, കു ട്ടികളുടെ ശാലയിൽ (Children's Home) 210 പേർ ഉ ണ്ടായിരുന്നു. പുരുഷന്മാരായും സ്ത്രീകളായും 200 ഗുരുനാ ഥന്മാരും ഇൻസ്റ്റിട്യൂട്ടിൽതന്നെ താമസിക്കുന്നവരായിട്ടു ണ്ട്. ഇവരിൽ ചിലർ ഭാൎയ്യമാരോടും കുട്ടികളോടുംകൂടി വിദ്യാലയങ്ങൾ വക നിലങ്ങൾ വാങ്ങി അടുത്തു വീടെടു പ്പിച്ചു പാൎപ്പിടമാക്കിയവരായിരുന്നു. മററുള്ളവരെല്ലാം താമസിക്കുന്നതും ഭക്ഷണം കഴിക്കുന്നതും വിദ്യാൎത്ഥികളു ടെ കൂടെത്തന്നെയാണ്. 1912-ൽ ഈ വിദ്യാലയം വക യായി 2345 ഏക്ര നിലവും, വലുതും ചെറുതുമായി 107 എടുപ്പുകളും ഉണ്ടായിരുന്നു. എടുപ്പുകൾക്കു 12,95,213 ഡോളർ (മുപ്പത്തിയാറു ലക്ഷം ഉറുപ്പിക)വിലമതിക്കാം. അമേരിക്കയിലെ സൎക്കാരായ കോൺഗ്രസ്സ് വിദ്യാലയ ത്തിലേക്കു സമ്മതിച്ച 25,500 ഏക്രയിൽ വില്ക്കാത്ത 19,910 ഏക്ര സ്ഥലം ഉൾപ്പെടാതെയാണ് മേൽകാണി ച്ച വിവരം. പരോപകാരശീലന്മാരായ ധനവാന്മാർ ഈ സ്ഥാപനത്തിലേക്കു സ്ഥിരം ഫണ്ടായി 60 ലക്ഷം ഉറു പ്പികയോളം വിലമതിക്കത്തക്ക സ്വത്തായും പണമായും കൊടുത്തതായി 1914-ൽ മേയിമാസത്തെ കണക്കുപ്രകാ രം കാണുന്നുണ്ട്. ഡാക്ടർ വാഷിങ്ടൻെറ പല ഗുണങ്ങ ളും നീഗ്രോ സമുദായക്കാരെ ഒട്ടുക്കും നന്നാക്കിത്തീൎക്കുവാ ൻവേണ്ടി ഈ വമ്പിച്ച വിദ്യാലയം മുഖേന ഉണ്ടായി ത്തീൎന്നിട്ടുള്ള ഏൎപ്പാടുകളും ഓൎത്താണ് ധനവാന്മാർ, പ്ര

ത്ത്യേകിച്ച വെള്ളക്കാരായ അമേരിക്കക്കാർ, ഇൻസ്റ്റിട്ട്യൂട്ടി ലേക്ക ഇത്രയധികം ധനം കൊടുക്കുന്നത്.

കൈത്തൊഴിൽ ശീലിക്കുന്ന വിദ്യാൎത്ഥികളും സാഹിത്യവിഷയങ്ങൾ അഭ്യസിക്കേണ്ടതുണ്ട്. ഇതിന്നായി പകൽ ക്ലാസ്സ്, രാത്രിക്ലാസ്സ് എന്നിങ്ങിനെ രണ്ടായി ഭാഗിച്ചിരിക്കുന്നു. മൂന്നിൽ ഒരോഹരി വിദ്യാൎത്ഥികൾ രാവുസ്കൂളിലാണ് പഠിക്കുന്നത്. പകൽ ക്ലാസ്സിലെ ചെറിയ ഫീസ്സപോലും കൊടുപ്പാൻ സാധിക്കാത്തവരുടെ നെ ൗകര്യത്തിന്നുവേണ്ടിയാണ് ഈ ഏൎപ്പാടുചെയ്തത്. ദരിദ്രനായ ഒരു കുട്ടി പാഠശാലയിൽ ചേൎന്നാൽ പകൽ പ്രവൃത്തി എടുത്തും രാത്രി ക്ലാസ്സിൽ പഠിച്ചുംവരുന്നു. അവൻെറ ചെലവുകഴിച്ച ബാക്കി പണം അവൻെറ പേരിൽതന്നെ ബേങ്കിൽ ഇട്ട് സൂക്ഷിക്കുകയും, പകൽ ക്ലാസ്സിൽ പഠിക്കുവാൻതക്കവണ്ണം സമ്പാദിച്ചാൽ ഉടനെ അതിൽ ചേൎക്കുകയും ചെയ്യുന്നു. പകൽ ക്ലാസ്സിൽ പഠിക്കുന്നവർ ആഴ്ചയിൽ മൂന്നുദിവസം ക്ലാസ്സുമുറികളിലും, ശേഷം മൂന്നു ദിവസം വ്യവസായശാലകളിലും കഴിച്ചുവരുന്നു. വിദ്യാൎത്ഥികളിൽ മിക്കവരും അവൎക്കുവേണ്ടിവരുന്ന എല്ലാവിധ സൌകൎയ്യത്തിന്നുവേണ്ടി ഈ മഹാവിദ്യാലയത്തിൽതന്നെ പ്രവൃത്തി എടുത്തു പണം ഉണ്ടാക്കുന്നു. ആൺകുട്ടികളെ അനുസരണവും മറവും ശീലിപ്പിക്കുന്നതു പട്ടാളരീതിയിലാണ്. കവാത്തും പരിശോധനയും ദേഹത്തിന്നുള്ള മററു വ്യായാമവും എല്ലാ ദിവസവും ഉണ്ട്. വളരെ ഗൌരവമില്ലാത്തകുററങ്ങൾക്കൊക്കെ ശിക്ഷകൾ കൊടുക്കുന്നതു വിദ്യാലയത്തിൻെറ നാഥനായ പ്രിൻസിപ്പാളെ അറിയിക്കാതെ പട്ടാള ഉദ്യോഗസ്ഥന്മാരുടെ കോടതി ആകുന്നു.

ഇൻസ്റ്റിട്യൂട്ടിലെ വ്യവസായവിദ്യാഭ്യാസം മൂന്നായി ഭാഗിച്ചിട്ടുണ്ട്-കൃഷിസംബന്ധമായത്, സ്ത്രീകൾക്കുപററിയ കൈത്തൊഴിലുകൾ, പുരുഷന്മാൎക്കുള്ള വ്യവസായങ്ങൾ എന്നിവയാണ്.

ഈ വിദ്യാലയത്തിലെ ആവശ്യത്തിന്നായി 3000 കോഴികളും, 145 കുതിരകളും കഴുതകളും 227 പശുക്കളും ഉണ്ട്. പലമാതിരി കായ്കനികളും അവിടെ ഉണ്ടാക്കിവരുന്നു. ജീവിതത്തിന്നായി നമ്മുടെ ദേഹം അധികമധികം നന്നാക്കിയും, ശരീരസുഖം വൎദ്ധിപ്പിച്ചും നമ്മെ സഹായിക്കുവാനാണ് വിശേഷമായ കായ്കനികളും, ധാന്യങ്ങളും, ഭംഗിയുള്ള പുഷ്പങ്ങളും പ്രകൃതി നമുക്ക് തന്നിട്ടുള്ളത് എന്നു ഡാക്ടർ വാഷിങ്ങ്ടൻ സാധാരണ പറയാറുണ്ടുപോൽ. എതുമാതിരി കൂലിവേല ചെയ്യുന്നതും മനുഷ്യധൎമ്മമാകയാൽ വല്ല തെററും ചെയ്യുന്നവൎക്കു അധികം പ്രവൃത്തികൊടുക്കുക എന്ന സമ്പ്രദായം ടസ്കഗിയിലില്ല. യാതൊരു ജോലിയും കൊടുക്കാതെ ഇരുത്തുകയാണ് ഒരുവിധം ശിക്ഷ. ഇത്ര വിദ്യാൎത്ഥികൾക്കു വലിയ പോരായ്മയാണുപോൽ. 1700-ൽ അധികം വിദ്യാൎത്ഥികളും ഗുരുനാഥന്മാരും പട്ടാളരീതിയിൽ നടന്നുപോയി ഒരു ഹാളിൽ ഭക്ഷണത്തിന്നു ചെന്നിരിക്കുന്നതും, പ്രാൎത്ഥനക്കായി ഒത്തുകൂടുന്നതും കാണേണ്ടതുതന്നെയാണ്. ഒരു സമുദായത്തെ തട്ടിയുണൎത്തുവാനും, ചെറുപ്പക്കാരിൽ മഹത്തായ ആദൎശങ്ങളുടെ വിത്തു വിതക്കുവാനും ഡാക്ടർ വാഷിങ്ങ്ടനെപ്പോലെയുള്ള നേതാക്കന്മാരും, ടസ്കഗിയെപ്പോലെ

യുള്ള വിദ്യാലയങ്ങളും ഉള്ളതുവരെ അനേക കൊല്ലങ്ങളോളം തങ്ങൾ അടിമകളായി ജീവിക്കേണ്ടിവന്നിരുന്നുവെങ്കിലും നീഗ്രോസമുദായക്കാരുടെ ഭാവി എന്തായിരിക്കുമെന്നു ഊഹിച്ചുപറയേണ്ടതുണ്ടോ? നീഗ്രോക്കാരെ അടിമകളായി വില്ക്കുന്ന സമ്പ്രദായം നിൎത്തൽചെയ്തത് അമേരിക്കയിലെപ്രസിഡണ്ടും ഒരു മഹാ ധീരപുരുഷനുമായ അബ്രഹാംലിങ്കൻ ആയിരുന്നു. അടിമക്കച്ചവടം നിൎത്തൽ ചെയ്യുവാൻ ഉത്സാഹിച്ചുവെന്നു കേട്ടപ്പോൾ ഈ കാൎയ്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടായിരുന്ന വടക്കരും തെക്കരും തമ്മിൽ ഒരു വമ്പിച്ചയുദ്ധംകൂടി വേണ്ടിവന്നു. ഇങ്ങിനെയുള്ള നീഗ്രോസമുദായത്തിലാണ് ബുക്കർ ടി. വാഷിങ്ങ്ടൻജനിച്ചതെന്നോൎക്കുമ്പോൾ "ടസ്കഗിഇൻസ്റ്റിട്യൂട്ട്" എന്ന മഹാസ്ഥാപനം ഏൎപ്പെടുത്തുവാൻ എന്തെല്ലാംബുദ്ധിമുട്ടുകളോട് അദ്ദേഹം പൊരുതീട്ടുണ്ടായിരിക്കണം എന്നു നമുക്കു ഊഹിച്ചാൽതന്നെ അറിയാവുന്നതാണ്.



# ഇററലിയുടെ ജീവനായ

# മുസ്സോലിനി.

ഇററലിയിലെ മന്ത്രിയും ആ രാജ്യത്തിൻെറ ജീവനുമായ മുസ്സോലിനിയെപ്പററി കേൾക്കാത്തവർ ഇപ്പോൾ വളരെ ചുരുക്കമായിരിക്കും. ഇദ്ദേഹത്തിൻെറ ഛായാപടം കാണുമ്പോൾ ലോകത്തിൽവെച്ച് ഏററവും ശക്തനായി ജീവിച്ചിരുന്ന സാൻഡോക്കുടി സാരമില്ലെന്നു തോന്നിപ്പോകും. ജീവിതരഹസ്യം മനസ്സിലാക്കി അതുപ്രകാരം ജീവിക്കുന്ന ഒരു മഹാനാണെന്നും, ധീരതയും സ്ഥിരപ്രതിജ്ഞയും തൻെറ മുഖ്യസ്വത്താണെന്നും മുസ്സോലിനിയുടെ മുഖവും നോട്ടവും വിളിച്ചുപറയുന്നു. ഇററലിയിലെ അനേകായിരം ജനങ്ങൾ അദ്ദേഹത്തെ ആ രാജ്യത്തിൻെറ രക്ഷാകർത്താവാണെന്നു വിചാരിക്കുന്നുണ്ടെങ്കിലും ഇററലിയിലെന്നുവേണ്ട യൂറോപ്പിയിലൊട്ടുക്കും അദ്ദേഹത്തെ ഭയമുള്ളവരും കുറേയുണ്ടു. മുസ്സോലിനിയുടെ ക്ലാസ്സുകയററം പ്രൈമറിസ്ക്കൂൾമാസ്റ്ററുടെ നിലയിൽനിന്നാകുന്നു. എത്രയൊ കൊല്ലം ഈ ജോലി അദ്ദേഹം നോക്കിവന്നിരുന്നു. മുസ്സോലിനിയുടെ അച്ഛൻ ഒരു സാധുകുഡുംബത്തിൽപെട്ട ഇരുമ്പുവേലക്കാരനായിരുന്നു. ചെറുപ്പം മുതല്ക്കേ മുസ്സോലിനി രാജ്യകാൎയ്യസംബന്ധമായ വാദപ്രതിവാദങ്ങളിൽ ഇടപെട്ടിരുന്നു. ഇററലിയിൽനിന്നും സ്വിററ്സർലാണ്ടിൽനിന്നും ജേലിൽ കിടക്കേണ്ടിവന്നിട്ടുണ്ട്. ആസ്ത്രി

യായിലും സ്വിററ്സർലാണ്ടിലും കടക്കാൻ പാടി ല്ലെന്നുള്ള കല്പന കുറേകാലം നിലവിലുണ്ടായിരുന്നു. പൊതുജനനന്മയെ ലാക്കാക്കി പ്രവൎത്തിച്ചുപോരുന്ന "സോഷ്യലിസ്റ്റ്" കക്ഷിയുടെ വകയായി നടത്തിവരുന്ന "ദി അവാന്തി" എന്ന വൎത്തമാനപത്രത്തിൻെറ പത്രാധിപരായും അദ്ദേഹം ജീവിതം നയിച്ചിട്ടുണ്ട്. ഇക്കഴിഞ്ഞ യുദ്ധകാലത്ത് ഇററലിയിലെ പട്ടാളത്തിൽ ചേൎന്നു പോൎക്കളത്തിൽവെച്ചു കഠിനമായ മുറിയേററിരുന്നുവെങ്കിലും മുസ്സോലിനിയുടെ ഗംഭീരമായ മനഃശക്തി വലിയ ആപത്തിൽനിന്നു അദ്ദേഹത്തെ രക്ഷിച്ചു. യുദ്ധത്തിന്നുശേഷം അദ്ദേഹത്തിൻെറ നായകത്വത്തിൽ രാജ്യത്തിന്നു പലവിധത്തിലും നാശംവരുത്തിയിരുന്ന രാഷ്ട്രീയ വിപ്ലവങ്ങൾക്ക് എതിരായി "ഫാസിസ്റ്റി"കക്ഷിയെ ഏൎപ്പെടുത്തി രാജ്യസേവനത്തിന്നൊരുങ്ങിയിരുന്ന ചെറുപ്പക്കാരെയെല്ലാം ഒന്നിച്ചുകൂട്ടി 1922 ഒക്ടോബർമാസത്തിൽ റോംപട്ടണത്തിൽവെച്ചു ഈ കക്ഷിയിൽപെട്ടവരോടുകൂടി വലിയൊരു ഘോഷയാത്ര നടത്തി. ഫാസിസ്റ്റികക്ഷിയിൽ പെട്ടവരാണെന്നുള്ള അടയാളസൂചകമായ കറുത്ത ഷൎട്ടായിരുന്നു അവരെല്ലാവരും ധരിച്ചിരുന്നതു. ഈ ഘോഷയാത്രയിൽ പൊതുജനങ്ങൾ വലിയ ഉത്സുകത കാണിച്ചു. ഇതോടുകൂടി രാജ്യഭരണം ഫാസിസ്റ്റികക്ഷിയുടെ കീഴിലായി. മുസ്സോലിനി മുഖ്യമന്ത്രിയായിത്തീരുകയും ചെയ്തു. ഇക്കഴിഞ്ഞ നാലു കൊല്ലംകൊണ്ടു മുസ്സോലിനി രാജ്യത്തിൽ പലവിധ മാററങ്ങൾവരുത്തി. ആവശ്യമുണ്ടെങ്കിൽ പട്ടാളത്തിൻെറ ശക്തി ഉപയോഗിക്കും എന്ന ഭയ

ത്താൽതന്നെ അരാജകത്വത്തിൽനിന്നു രാജ്യത്തിന്നു സമാധാനം കിട്ടി. 1929-ൽ 60,000 ലക്ഷം ലയർ (ഇററലിയിലെ നാണ്യം) കടത്തിൽപെട്ടിരുന്ന ഇററലിയുടെ കടമെല്ലാം വീട്ടി അധികം താമസിയാതെ 14,000 ലക്ഷം ലയർകയ്യിരിപ്പുള്ള ഒരു രാജ്യമാക്കിത്തീൎത്തു. ഇതുവരുത്തിക്കൂട്ടുവാൻ ജനങ്ങളുടെ മേൽ അധികം നികുതി ചുമത്തേണ്ടിവന്നിട്ടില്ല. രാജ്യഭരണത്തിൻെറ പേരിൽ അനാവശ്യമായ ചെലവും ധൂൎത്തും ഇല്ലായ്മചെയ്തു ഭരണനയം തന്നെ ആകപ്പാടെ മാററീട്ടായിരുന്നു.

തൊഴിലാളികളേയും മുതലാളികളേയും ഒന്നിച്ചുകൂട്ടി സമ്പാദ്യത്തിന്നുതകുന്ന കൈത്തൊഴിൽ ശാലകളും മററും പൊതുജനനന്മക്കെന്നവണ്ണം ഒരു പുതിയ നയം മുസ്സോലിനി ഉണ്ടാക്കിത്തീൎത്തു.

തൊഴിലാളികളുടെപണിമുടക്കവും മുതലാളികളുടെ പടി അടയ്ക്കലും ശിക്ഷാൎഹമായ കുററമാക്കിത്തീൎത്തു. ഇവർ തമ്മിൽ ഉണ്ടാകുന്ന കക്ഷിവഴക്കുകളെല്ലാം, ഇതിന്നായി പ്രത്യേകം ഏൎപ്പെടുത്തിയിരുന്ന കോടതികളിൽവെച്ചു തീൎക്കാൻ ഇരുകക്ഷിക്കാരും നിർബന്ധിതന്മാരുമായി.

മററു രാജ്യങ്ങളെസ്സംബന്ധിച്ചു മുസ്സോലിനിയുടെ നയം സ്ഥിരമായ സമാധാനമാണ്. മററുള്ള രാജ്യക്കാരുടെ അവകാശങ്ങളെ ബഹുമാനിക്കാൻ അദ്ദേഹം ഒരുക്കമാണെങ്കിലും, ഇററലിക്ക് എല്ലാ കാൎയ്യങ്ങളിലും പൂൎണ്ണസ്വാതന്ത്ര്യം വേണമെന്നും, അതു വില്ക്കുവാനൊ പണയം വെക്കുവാനൊ ഒരുക്കമില്ലെന്നുമാണ് മുസ്സോലിനിയുടെ പിടുത്തം. മുഖ്യമന്ത്രി എന്ന നിലക്കു പുറമെ അന്യ

രാജ്യങ്ങളെ സംബന്ധിച്ച ഡിപ്പാർട്ടമെണ്ട്, യുദ്ധം, നാവികസൈന്യം, ആകാശവിമാനം എന്നിവ സംബന്ധിച്ചും ഉള്ള മന്ത്രിയെന്ന ഉദ്യോഗസ്ഥാനങ്ങൾ ഏററിരിക്കുന്നതു മുസ്സോലിനിതന്നെയാകുന്നു. പൊതുവേയുള്ള നയം മാററാതെ സാധാരണ ജോലികൾ നടത്തുവാൻ ഈ ഡിപ്പാട്ട്മെണ്ടുകളിൽ അണ്ടർസിക്രട്ടരിമാരും മററ് അനുദ്യോഗസ്ഥന്മാരുമുണ്ട്. സ്വന്തജോലിത്തിരക്കു ധാരാളമുണ്ടെങ്കിലും ദേഹബലത്തിന്നായി ശരിയായ വ്യായാമം ചെയ്യുവാനും, കുതിരസ്സവാരി ചെയ്യുവാനും, ഇററലിരാജ്യത്തിൽ നടപ്പുള്ള പയററു സമ്പ്രദായങ്ങൾ ശീലിക്കുവാനും, വീണവായിക്കുവാനും, മററും മുസ്സോലിനി സമയം കാണുന്നുണ്ടല്ലോ എന്നാണ് ജനങ്ങൾ ആശ്ചര്യപ്പെടുന്നത്. ശ്രുതിപ്പെട്ട നെപ്പോളിയനോടു തുല്യനാണ് എന്നു മുസ്സോലിനിയെപ്പററി പലരും പറയാറുണ്ട്. ചില കാര്യങ്ങളിൽ നെപ്പോളിയനു സ്വാൎത്ഥതല്പരത ഉണ്ടായിരുന്നുവെന്നും പക്ഷെ മുസ്സോലിനി സ്വാൎത്ഥത്യാഗി ആണെന്നുമാണ് പറയുന്നതു. സാധാരണ മന്ത്രിമാരുടെ ശമ്പളം മുസ്സോലിനി എടുക്കുന്നില്ല. ചെലവിന്നു അത്യാവശ്യമായ ഒരു തുക മാത്രമെ എടുന്നുള്ളു.

മുസ്സോലിനിയെ സ്നേഹിക്കുന്നവർ ഇററലിയിൽ അധികമുണ്ടെങ്കിലും അദ്ദേഹത്തിന്നു വിരോധമായിട്ടുള്ളവരും ഒട്ടും കുറവല്ല. അനീതികളോടു പൊരുതുവാൻ നെഞ്ഞൂക്കുള്ളവനായതിനാലും ലോകമൊട്ടുക്കും വെറുത്താലും തനിക്കു ശരിയാണെന്നു തോന്നുന്ന അഭിപ്രായം വെളിവായി പറയുവാനും, അതുപ്രകാരം പ്രവൎത്തിപ്പാനും ധൈൎയ്യമുള്ളതിനാലുമാണ് വിരോധികൾക്കു കുറവില്ലാ





ത്തതു്. രാജ്യസ്നേഹവും പൊതുജനനന്മയും മുൻനിൎത്തി എന്തുംചെയ്വാൻ മുസ്സോലിനി എപ്പോഴുംസന്നദ്ധനാണ്.

ഇടവിടാതെ എത്രനേരമെങ്കിലും പ്രവൃത്തിയെടുക്കുവാൻ അദ്ദേഹത്തിന്നുള്ള ശക്തിയാകുന്നു മുസ്സോലിനിയെ ഇപ്പോഴത്തെ ഉയൎന്ന നിലയിൽ എത്തിച്ചതു്. "പ്രവൃത്തി എടുക്കുക എന്നുവെച്ചാൽ എനിക്കു ഒരു ഭ്രാന്താണ്. എത്ര ബുദ്ധിമുട്ടുള്ള പണികളായാലും അവയൊക്കെ ശരിക്കു തീൎന്നല്ലാതെ എനിക്കു ഉറക്കമില്ല. എപ്പോഴും എന്തെങ്കിലും പ്രവൎത്തിച്ചുകൊണ്ടിരിക്കണം. പണി ഇല്ലെങ്കിൽ ഞാൻ പണിയുണ്ടാക്കും. ഞാൻ യുദ്ധത്തിന്നു പോയിട്ടുണ്ട്. അവിടേയും എന്റെ സ്വഭാവം ഇതുതന്നെയായിരുന്നു. ഇപ്പോഴും ഞാൻ യുദ്ധംചെയ്തുകൊണ്ടിരിക്കയാണ്. അതു എന്റെ ജീവദശയുടെ അവസാനംവരെ നീളും. ഭക്ഷണത്തിന്നുപോലും ഇല്ലാതെ ഞാൻ അലഞ്ഞു നടക്കേണ്ട കാലം ഉണ്ടായിരുന്നു. എന്തെങ്കിലും ഒരു പണി കിട്ടുവാൻ ഓരോ നഗരങ്ങളിലേക്കും തെണ്ടിനടക്കേണ്ടിവന്നിട്ടുണ്ട്. അന്നും ഞാൻ മടിയനായി ഒരു മിനുട്ടുപോലും കളയാറില്ല. വല്ല കവിതകളോ തത്വശാസ്ത്രസംബന്ധമായ വല്ല വിഷയങ്ങളോ അടങ്ങിയ പുസ്തകങ്ങൾ എവിടെ പോകുമ്പോഴും എന്റെ കയ്യിൽ ഉണ്ടായിരിക്കും. എന്തെങ്കിലും പണി എടുക്കാതെ എനിക്കു ഒരു നിമിഷംപോലും കഴിച്ചുകൂടാ." ഇതായിരുന്നു ഒരു പത്രപ്രതിനിധിയോടു മുസ്സോലിനി ഇയ്യിടെ പറഞ്ഞിരുന്നതു്. ഇങ്ങിനെയുള്ള ഒരു മഹാന്റെ മുന്നോട്ടേക്കുള്ള ഗതി തടയുവാൻ പ്രകൃതിക്കുകൂടി സാധിക്കുമോ?

# ശ്രീമതി രമാബായി.

ബോമ്പായിലെ ഹൈക്കോടതി ജഡ്ജിയായിരുന്ന ശ്രീമാൻ റാനഡേ നാട്ടുകാരുടെ നന്മക്കായി പല കാൎയ്യങ്ങളും ചെയ്തിട്ടുണ്ടെന്നു ബോമ്പായി പട്ടണവും പൂനയും കാണുന്ന ഏവൎക്കും ബോദ്ധ്യമാകുന്നതാണ്. ഈ മഹാൻ ജീവനോടിരുന്ന കാലത്തു അദ്ദേഹത്തിന്റെ ഭാൎയ്യ ശ്രീമതി രമാബായി ഭൎത്താവിന്നൊപ്പമായിത്തന്നെ അദ്ധ്വാനിച്ചു പ്രവൎത്തിച്ചു മിക്ക മഹാകാൎയ്യങ്ങളിലും അദ്ദേഹത്തെ സഹായിച്ചുപോന്നിരുന്നു.

റാനഡേയുടെ മരണശേഷവും രമാബായി വെറുതേ ഇരുന്നു കാലം കഴിച്ചില്ല. ഭൎത്താവിന്റെ വേൎപ്പാടു രമാബായിയെ വല്ലാതെ വ്യസനിപ്പിച്ചുവെങ്കിലും അദ്ദേഹത്തിൽനിന്നു പഠിച്ച "സ്വാത്മത്യാഗം, സ്ഥിരോത്സാഹം, സാധുജനങ്ങളോട് അനുകമ്പ" എന്നീ മൂന്നു തത്വങ്ങളും എപ്പോഴും ഓൎത്തുകൊണ്ട് ഈ സ്ത്രീരത്നവും അദ്ദേഹത്തെ അനുകരിക്കുവാൻ തുടങ്ങി. ബോമ്പായിലേയും പൂനയിലേയും "സേവാസദനം" രമാബായിയുടെ സ്ഥിരോത്സാഹത്തിന്റെ സ്മാരകമാണെന്നു പറയാം. ഇവ കല്യാണംകഴിച്ച സ്ത്രീകൾക്കുള്ള പാഠശാലകളാണ്. ബോമ്പായിൽ ദിവസംപ്രതി 900-ം, പൂനയിൽ 450-ം സ്ത്രീകൾ ഈ സദനങ്ങളിൽ വന്നുചേരുന്നുണ്ട്. ഇവരിലെല്ലാം ജ്ഞാനസമ്പാദനത്തിന്നുള്ള ആഗ്രഹം ജനിപ്പിച്ചു രമാബായി, സഹോദരിമാരുടെ ഒരു പണിക്കാരിയു

ടെ നിലയിൽ എപ്പോഴും ജോലി ചെയ്യുന്നതുതന്നെ മററു ള്ളവൎക്കു മാതൃകാപാഠമാണ്.

സത്താറ ജില്ലയിൽ ഒരു ചെറുഗ്രാമത്തിൽ 1862-ലാണ് ഈ മഹതി ജനിച്ചത്. അച്ഛൻ ഒരു സബ്ജഡ്ജിയായിരുന്നു. ചെറുപ്രായത്തിൽതന്നെ വിവാഹം കഴിക്കുന്ന സമ്പ്രദായം ആ രാജ്യത്തിൽ നടപ്പായതിനാൽ പതിനൊന്നാം വയസ്സിൽ രമാബായിയുടെ കല്യാണവും കഴിഞ്ഞു. ഈ ചെറുകുട്ടിയെ വിവാഹം കഴിച്ചുകൊണ്ടു വരിക എന്നതു റാനഡെക്കു വലിയ സങ്കടമായിരുന്നു. സ്വന്തം അഭിപ്രായം കീഴടക്കി അദ്ദേഹം അച്ഛന്റെ അനുസരിക്കേണ്ടിവന്നു. റാനഡെക്കു അപ്പോൾ 32 വയസ്സായിരുന്നു. ഭാൎയ്യക്കു വേണ്ടുന്ന വിദ്യാഭ്യാസം വീട്ടിൽവെച്ചു കൊടുക്കുവാൻ റാനഡെ തീൎച്ചപ്പെടുത്തി. താൻതന്നെയായിരുന്നു ഗുരു. വീട്ടിൽ 25 പേരോളം ഉണ്ടായിരുന്നതിനാൽ പുസ്തകം എടുത്താൽ രമാബായിയെ പരിഹസിക്കുവാനും അപമാനിക്കുവാനും അവിടെ ധാരാളം പേർ ഉണ്ടായിരുന്നുവെന്നു ഒരവസരത്തിൽ ഈ മഹതി പറഞ്ഞിരുന്നു. പുസ്തകവായന എന്നത് ഒരു നികൃഷ്ടജോലിയായിട്ടാണ് അവരെല്ലാം അന്നു വിചാരിച്ചുപോന്നിരുന്നതു്. ശാന്തത, ജ്ഞാനസമ്പാദനം, സ്വാതന്ത്ര്യം ഇവൎക്കു ഭൎത്താവിന്റെ മുറിമാത്രമായിരുന്നു രമാബായിക്കു ശരണം.

19-ാം വയസ്സായപ്പോൾ പണ്ഡിതരമാബായി എന്ന ഒരു മഹതിയുമായി പരിചയമാകുവാൻ രമാബായിക്കു അവസരം കിട്ടി. ആൎയ്യമഹിളാസമാജം എന്ന പേരിൽ സ്ത്രീകളുടെ ഒരു യോഗം സ്ഥാപിച്ചു, സ്വന്തം വീട്ടിൽ വെച്ചു സഭാവിഷയങ്ങളെക്കുറിച്ചു പണ്ഡിതരമാബാ

യി പ്രസംഗങ്ങൾ നടത്തി. ഈ വക പ്രസംഗങ്ങൾ കഴിപ്പാൻപോയതിനാൽ വീട്ടിലെ പാത്രങ്ങൾ എടുക്കുവാനും അവരെ തൊടുവാനും മററുള്ള സ്ത്രീകൾ രമാബായിയെ അനുവദിച്ചിരുന്നില്ലപോൽ. ആ കാലത്തു ജനങ്ങളുടെ ഇടയിൽ മൂഢവിശ്വാസം കുറെ അധികമായിരുന്നു. 1884 മുതൽ സ്ത്രീകൾക്കായി ഒരു ഹൈസ്കൂൾ സ്ഥാപിച്ചുകിട്ടുവാൻ ജഡ്ജി റാനഡേയും ഭാൎയ്യയും ഉത്സാഹിച്ചു പോന്നിരുന്നു. വൎത്തമാനപത്രങ്ങൾ വായിച്ചുകേൾക്കയാണു് ഭൎത്താവിൻെറ ശീലം. വായിച്ചുകൊടുക്കുന്ന ജോലി മിക്കപ്പോഴും നടത്തിയിരുന്നതു രമാബായിതന്നെയായിരുന്നു. ഇങ്ങിനെ തൻെറ രാജ്യത്തും അന്യരാജ്യങ്ങളിലും നടക്കുന്ന വൎത്തമാനങ്ങൾ അറിയുവാൻ രമാബായിക്കുള്ള ഉത്സാഹം വൎദ്ധിച്ചു. പ്രവൃത്തിസംബന്ധമായി ഭൎത്താവു പോകുന്ന സ്ഥലത്തെല്ലാം ഭാൎയ്യയും പോകുക പതിവായിരുന്നു. വീട്ടിൽ മററു സ്ത്രീകളെ ക്ഷണിച്ചുവരുത്തി പത്രങ്ങളിൽനിന്നു തനിക്കു അറിവാൻ ഇടയുണ്ടായിരുന്ന വൎത്തമാനങ്ങളും മററും അവരെ പറഞ്ഞു മനസ്സിലാക്കുന്നതിൽ രമാബായിക്കു പ്രത്യേകം ഉത്സാഹമുണ്ടായിരുന്നു.

1901-ൽ ഭൎത്താവു മരിച്ചു. ഒരു കൊല്ലത്തോളം തപസ്വിനിയുടെ നിലയിൽ സ്വന്തം മുറിയിൽതന്നെ ഇരുന്നു രമാബായി കഴിച്ചുകൂട്ടി. പിന്നീടാണ ഭൎത്താവിനെ അനുകരിച്ചു പരോപകാരപ്രദമായ പ്രവൃത്തിചെയ്തുംകൊണ്ടു തൻെറ അപാരമായ വ്യസനത്തിന്നു പ്രതിശാ

ന്തി തേടുവാൻ ഈ മഹതി മനസ്സുകൊണ്ടു തീർച്ചപ്പെടുത്തിയത്. 20 സ്ത്രീകൾ അടങ്ങിയ സ്ത്രീകളുടെ ഒരു ക്ലബ്ബ് ആയിരുന്നു ആദ്യം അവർ സ്ഥാപിച്ചത്. "ഭാരത സേവകന്മാർ" എന്നവരുടെ സഹായത്തോടുകൂടി ക്രമേണ ഈ ക്ലബ്ബ് സേവാസദനമായിത്തീർന്നു. സാധാരണ വിദ്യാഭ്യാസത്തിന്നു പുറമെ സംഗീതം, തുന്നൽ മുതലായ വീട്ടുകൈത്തൊഴിൽ എന്നിവ കുട്ടികളെ ശീലിപ്പിക്കേണ്ടു ക്രമവും മററും ഇവിടെവെച്ചു മുതിർന്നവരായ സ്ത്രീകളെപരിശീലിപ്പിച്ചുവരുന്നു. ഈ മഹതിയുടെ പ്രയത്നംകൊണ്ടും സ്വാത്മത്യാഗംകൊണ്ടും ബോമ്പായി, പൂന, എന്നീ പട്ടണങ്ങളിലും അവക്കു പുറവും ഉള്ള സ്ത്രീകളിൽ, പ്രത്യേകിച്ചു സാധുക്കളായ വിധവമാരിൽ, ഉണ്ടായിത്തീർന്ന ഗുണകരമായ മാററങ്ങൾ ചില്ലറയല്ല.

# ലോഹഖനിയിൽനിന്നു
# കയറിയ ഒരു മഹാൻ.

———:0:———

ഇംഗ്ലണ്ടിൽ തൊഴിലാളി കക്ഷികളുടെ ഒന്നാമത്തെ രാജ്യഭരണകാലത്ത് (1924-ൽ) അവിടുത്തെ ആരോഗ്യരക്ഷണവകുപ്പിൻെറ തലവനായ നിലയിൽ ഒരു മന്ത്രിയായിരുന്ന ബഹുമാനപ്പെട്ട ജോൺ വീററ്ലി ഒരു അസാധാരണ പുരുഷനായിരുന്നു. അന്യന്മാരെ ആശ്രയിച്ചു മടിയരായി ഇരിക്കാതെ സ്വസഹായം, ദൃഢപ്രതിജ്ഞ എന്നിവയോടുകൂടി സ്ഥിരോത്സാഹമുള്ളവരായിരിക്കയാണ് വേണ്ടത് എന്നായിരുന്നുഅദ്ദേഹത്തിൻെറ നിശ്ചയം.

വളരെ ദാരിദ്ര്യം ബാധിച്ച കുടുംബത്തിലാണ് മിസ്റ്റർ വീററ്ലി ജനിച്ചത്. അത്ര പാവപ്പെട്ട കുടുംബത്തിൽ ജനിച്ച ഒരാം ഇംഗ്ലണ്ടിലെ മന്ത്രിസഭയിൽ അതുവരെ ഉണ്ടായിരുന്നില്ലെന്നുതന്നെ പറയാം. വീററ്ലിയുടെ മാതാപിതാക്കന്മാർ ഐറിഷ്കാരുടെ ഇടയിൽ കൂലിവർഗ്ഗത്തിൽ പെട്ടവരായിരുന്നു. ഏററവും പാവപ്പെട്ടവരുടെ സങ്കേതമായ “സ്ളം” എന്നു വിളിച്ചുവരാറുള്ള സ്ഥലത്തു് ഒരു എടുപ്പിലേ ഒററമുറിയായിരുന്നു ഇവരുടെ വാസസ്ഥലം. പത്തുപേർകൂടി തിങ്ങിവിങ്ങി ഈ ഒരു മുറിയിൽ കുറേ കൊല്ലങ്ങളോളം താമസിക്കേണ്ടി വന്നിരുന്നു. ജോൺവീററ്ലിയുടെ ജനനം കൊണ്ടു കുടുംബത്തിൽ ഒരെണ്ണംകൂടി വൎദ്ധിച്ചു. ഇങ്ങിനെയുള്ള മുറിയിൽ ഒന്നോ രണ്ടോ കൊല്ലമല്ല, 24 കൊല്ലമാണ് വീററ്ലി

ജീവദശ കഴിക്കേണ്ടിവന്നത്. സ്വന്തം നില നന്നാക്കി ത്തീൎത്ത ഉടനെ വീററ്ളി സാധുക്കൾക്കു പാൎക്കുവാൻ സൎക്കാർ വകയായി വീടുകൾ ഉണ്ടാക്കേണ്ട കാൎയ്യത്തിൽ കച്ചകെട്ടി പുറപ്പെട്ടു ശ്രുതിപ്പെട്ട "ഹെൽത്ത് മിനിസ്റ്റർ" എന്ന ഉദ്യോഗസ്ഥനായിത്തീരുകയാണു ചെയ്തത്.

12 വയസ്സു തികയുന്നതിന്നു മുമ്പു, അതായത് ഇളം പ്രായത്തിൽതന്നെ, വീററ്ളി അദ്ധ്വാനിച്ചു പ്രവൃത്തി എടുക്കേണ്ടി വന്നിരുന്നു. കത്തുകൊടുക്കുന്ന ചെറുക്കന്റെ നിലയിൽ കുറേ കാലം കഴിച്ചു. ലോഹഖനിയിൽ ഈ ബാലൻ ഒന്നാമതായി ഇറങ്ങിയത് 12-ാമത്തെ വയസ്സിലായിരുന്നു. ഈ ജോലിയിൽതന്നെ 10 കൊല്ലത്തോളമിരുന്നു. മഹാദരിദ്രനായ നിലയിൽ സ്ളമ്മിൽ താമസിക്കുകയും ഖനിയിൽ കല്ലുരി പ്രവൃത്തിക്കാരനാകയും ചെയ്ത കാലത്തു വീററ്ളി തന്റെ ഒഴിവുസമയം അനാവശ്യമായി ചെലവു ചെയ്തിരുന്നില്ല. പതിനൊന്നു പേർ അടങ്ങിയ ഒരു മുറിയിൽവെച്ചു വല്ലതും വായിക്കുവാൻ എത്ര സൌകൎയ്യമുണ്ടാകുമെന്നു നമുക്കെല്ലാം ആലോചിച്ചാലറിയാമല്ലോ. തന്റെ പഠിപ്പിന്നും വീററ്ളിക്കു ഖനിതന്നെയായിരുന്നു ആധാരം. പ്രവൃത്തികഴിഞ്ഞാൽ നിശാപാഠശാലകളിൽപോയി വല്ലതും പഠിച്ചതിന്നു പുറമെ, ശേഷമുള്ള സമയമെല്ലാം ഖനിയിൽ ഉപകാരപ്രദമായ നിലയിൽ ചെലവുചെയ്തു. ക്രമേണ കൂലിക്കാരുടെ ഇടയിൽ വീററ്ളി ഒരു ആദൎശപുരുഷനായിത്തീൎന്നു. തന്റെ ഇരുപത്തഞ്ചാമത്തെ വയസ്സിൽ പുസ്തകങ്ങൾ പ്രസിദ്ധം ചെയ്യുന്ന ഒരു കമ്പിനിയിൽ വീററ്ളിക്കു ചെറി

യൊരുദ്യോഗം കിട്ടിയതിന്നാൻ അദ്ദേഹം ലോഹഖനിയിലെ ഉദ്യോഗം ഉപേക്ഷിച്ചു. അന്നുമുതൽ പൊതുജനസേവനത്തിന്നുള്ള പല കാര്യങ്ങളിലും ഏൎപ്പെട്ടുകൊണ്ടിരുന്നു. താൻ പാൎത്തിരുന്ന പട്ടണങ്ങളിലെ മുനിസിപ്പാലിററികളിൽ വീററ്ളിയെ നഗരവാസികൾ ഒരു അംഗമായി തിരഞ്ഞെടുത്തിരുന്നു. വളരെ കാലത്തോളം ഈ മഹാൻ തൊഴിലാളി സംഘക്കാരുടെ ഒരു നേതാവായിരുന്നു. കുറേ കൊല്ലങ്ങൾകൊണ്ടു വീററ്ളിക്കു സ്വന്തമായിത്തന്നെ പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന ഒരു കമ്പനി ഏൎപ്പെടുത്തുവാൻ സാധിച്ചു.

വീററ്ളിയുടെ സ്വഭാവഗുണങ്ങളും പ്രാപ്തിയും മനസ്സിലാക്കിയവർ അവസരം കിട്ടിയപ്പോൾ അദ്ദേഹത്തിന്ന് ഇംഗ്ലണ്ടിലെ പ്രധാനപ്പെട്ട ഒരു ഉദ്യോഗം കൊടുത്തതിൽ ആശ്ചൎയ്യപ്പെടുവാനില്ല. എന്നാൽ വീററ്ളി സാധാരണക്കാരെപ്പോലെ തൻെറ വലിയ മാസ്സപ്പടിയും വാങ്ങി ഒരു "ദൊര"യായി ജീവിതം കഴിച്ചുകൂട്ടാനല്ല നിശ്ചയിച്ചത്.

ദാരിദ്ര്യമെന്നുള്ളതറിഞ്ഞവൎക്കേ
പാരിൽ പരിക്ലേശവിവേകമുള്ളു.

ജനനം മുതല്ക്കു താൻ അനുഭവിച്ചിരുന്ന സങ്കടങ്ങൾ, തന്നെപ്പോലെ ഇന്നും അനേകായിരം പേർ അനുഭവിക്കുന്നുണ്ടെന്നു വീററ്ളി മറന്നില്ല. താമസിക്കാൻ വീടുകളില്ലാത്തതുകൊണ്ടു സാധുക്കൾ അനുഭവിക്കുന്ന കഷ്ടത

കളെപ്പററി പാർളിമെണ്ടുസഭയിൽ പ്രസംഗംചെയ്യുന്ന ഒരവസരത്തിൽ വീററ്ളി ഇത്രംകൂടി പറയുകയുണ്ടായി:—"ലങ്കാഷയർപട്ടണത്തിൽ ഒരു മാസമല്ല, ഒരു കൊല്ലമല്ല, 24 കൊല്ലത്തോളം ഒരൊററ മുറിയിൽ 11 പേർകൂടി താമസിച്ചിരുന്നവരിൽ ഒരാളാണ് ഞാൻ. ദാരിദ്ര്യം എന്താണെന്നും, സങ്കടം എന്താണെന്നും എനിക്കു നല്ലവണ്ണം അറിയാം"

ഈവലിയ ഉദ്യോഗനിലയിൽപോലും തനിക്കു ചെറിയ ഒരു വീടു മതിയെന്നു വീററ്ളി നിശ്ചയിച്ചു. വീട്ടുജോലിക്കു വേറെ പണിക്കാരൊന്നുമില്ലാതെയായിരുന്നു ബഹുമാനപ്പെട്ട വീററ്ളിഎന്നു വിളിക്കേണ്ടുന്ന ഉദ്യോഗസ്ഥനായിരുന്ന ഇദ്ദേഹം കഴിച്ചുകൂട്ടിയത്. സ്വപ്രയത്നംകൊണ്ടു തങ്ങളുടെ നില നന്നാക്കിത്തീക്കുവാൻപരിശ്രമിക്കുന്ന അനേകം സാധുക്കുട്ടികൾക്ക്, ആരും അറിയാതെ, ഈ മഹാൻ പല സഹായങ്ങൾ ചെയ്തുവന്നിരുന്നു. സാധുജനങ്ങൾക്കു പാക്കുവാൻ അനേകായിരം വീടുകൾ എടുപ്പിക്കേണ്ടതു സക്കാരിൻെറ മുറയാണെന്നുവെച്ച് ആ കാര്യത്തിലായിരുന്നു ഉദ്യോഗനിലയിൽ ഇദ്ദേഹം അധികം പ്രയത്നം ചെയ്തിരുന്നത്. ഉദ്യേഗംവിട്ടതിൽ പിന്നേയും ഇതുതന്നെയായിരുന്നു വീററ്ളിയുടെ മുഖ്യജോലി. പാശ്ചാത്യലോകത്തിൽ ഒരാദശപുരുഷനായി കരുതിയിരുന്ന ബഹുമാനപ്പെട്ട ജോൺവീററ്ളി ഗ്ലാസ്സ്ഗോവിൽവെച്ചു മരിച്ചുപോയി എന്ന വ്യസനവത്തമാനം 1930 മെയി 13-ാംനു- റോയിട്ടരുടെ കമ്പിമുഖേന ലോകമൊട്ടുക്കും അറിവായി. സാധുജനങ്ങൾക്ക് ഒരു ഉത്തമബന്ധു നഷ്ടമായി.

## അമേരിക്കയിലെ
## സെക്കോയ എന്നു പേരായ ഒരു
# പൊൻപണിക്കാരൻ.

അമേരിക്കയിൽ മാത്രമല്ല, ലോകത്തിൽതന്നെ അപൂർവ്വമായിക്കാണുന്ന പുരുഷകേസരികളിൽ ഒരാളാണ് സെക്കോയ. ഇദ്ദേഹത്തിൻെറ മഹിമയെ നിലനിത്തുവാൻ കാലിഫോൎണ്ണിയാവിൽ ഉയരംകൊണ്ടും വലിപ്പംകൊണ്ടും അതിഗംഭീരമായ ഒരു വൃക്ഷമായിരുന്ന ഒരാറം കണ്ടതു്. അതിന്നു "സെക്കായവൃക്ഷം" എന്നു പേരിടുകയും, ഇന്നും ആ പേർതന്നെ വിളിച്ചുവരികയും ചെയ്യുന്നു. വാഷിംഗ്ടൻ പട്ടണത്തെ അലങ്കരിക്കുന്ന മഹാന്മാരുടെ പ്രതിമകളിൽ സെക്കോയയുടേതു് ഒരു ഉത്തമസ്ഥാനം അൎഹിക്കുന്നു.

പരിഷ്ക്കാരം എന്താണെന്നറിയാതെ കാട്ടാളന്മാരെപ്പോലെ ജീവിതം നയിച്ചുവന്ന "ചെറോക്കികൾ" എന്നുപേരായി ഒരു സമുദായക്കാർ വടക്കൻ അമേരിക്കയിൽ പാൎത്തിരുന്നു. ഈ വൎഗ്ഗത്തിൽ പെട്ടവനാണ് നമ്മുടെ ചരിത്രനായകൻ. എഴുത്തുകുത്തുകൾ എന്താണെന്നറിയാതെ പരിഷ്കൃതലോകത്തിൽനിന്നു അകലെ താമസിച്ചിരുന്ന ഈ സമുദായക്കാരുടെ അറിവില്ലായ്മയും കഷ്ടതകളും തീൎക്കാൻ എന്താണ് വഴിയെന്നു ആലോചിച്ചുംകൊണ്ടു ഈ ധീരൻ എത്രയൊ കാലം കഴിച്ചു. എന്നാൽ ജീവിതാവശ്യത്തിന്നായി ദേഹരണ്ഡം ചെയ്യേ

ണ്ടിവന്നതിനാൽ സ്വന്തമനസ്സിൽ എപ്പോഴം കുടികൊണ്ടിരുന്ന ആഗ്രഹത്തെ ഫലത്തിൽ വരുത്തുവാൻ കുറെ കാലത്തേക്ക സാധിച്ചില്ല. ഒരു ദിവസം സെക്കോയക്ക് ഒരപകടം പററുകയും, തന്നിമിത്തം ദേഹബലം ക്ഷയിച്ച തീരെ നടക്കാൻ പാടില്ലാത്ത നിലയിൽ ആയിത്തീരുകയും ചെയ്തു. ഉടനെ ഒരേ സ്ഥലത്തിരുന്നു ചെയ്യാൻ സാധിക്കുന്ന പൊൻപണി സെക്കോയ ശീലിച്ചു. ചെറോക്കികളുടെ ഉണൎച്ചക്ക വേണ്ട മാൎഗ്ഗത്തെ സഹായിക്കുന്ന ഒരു ജോലിയായിരുന്നു ഇത്. ഈ സമുദായക്കാരുടെ സംസാരത്തിന്നു പററിയ ഒരു ഭാഷ ഉണ്ടാക്കി എഴുത്തിൽ വരുത്താൻ സാധിച്ചാൽ അവരുടെ അജ്ഞത തീരും എന്നു മനസ്സിലാക്കി അതിന്നായി യത്നിച്ചുതുടങ്ങി. സെക്കോയ യാതൊരു പാഠശാലയിലും പഠിച്ചിരുന്നില്ല; യാതൊരു ഭാഷയിലും എഴുതുവാൻ ശീലിച്ചിരുന്നുമില്ല. എന്നാൽ വിധിയോടു പൊരുതുവാനുള്ള ഉത്സാഹത്തിലും ബുദ്ധിവികാസത്തിലും ഈ മഹാനെ അധികം പേൎക്കും തോല്പിക്കുവാൻ സാധിച്ചിരുന്നില്ല. 1816-ലാണ് അക്ഷരമാല ഉണ്ടാക്കുന്ന പ്രവൃത്തി സെക്കോയ തുടങ്ങിയത്. തൂവലിൻേറയൊ കടലാസിൻേറയോ സഹായം കൂടാതെ വളരെ പ്രയാസപ്പെട്ടു ഈ പാവപ്പെട്ട സമുദായക്കാൎക്ക ഉച്ചാരണത്തിന്നു പററിയ 85 അക്ഷരങ്ങൾ ഉണ്ടാക്കി. ഇങ്ങിനെ ഒരു ഭാഷ നിൎമ്മിച്ചു സമുദായാംഗങ്ങളുടെ ഇടയിൽ വിദ്യാഭ്യാസം പ്രചരിപ്പിക്കുവാൻ സെക്കോയ യത്നിക്കുന്നുണ്ടെന്നുള്ള വിവരം ആ വൎഗ്ഗത്തിലെ നായകന്മാരെ വല്ലാതെ പരിഭ്രമിച്ചു. ഇതു് അവരുടെ മതത്തിന്നും ദൈവത്തിന്നും വിരോധമാണെന്നു പറഞ്ഞു അവർ സെക്കോയയെ പലവിധത്തി

ലും ഉപദ്രവിച്ചു. അതൊന്നും കൂട്ടാക്കാതെ അവരെ ക്രമേണ തൻെറ വശത്താക്കി ഉദ്ദിഷ്ടകാൎയ്യനിവൃത്തിക്കായി സെക്കോയ പല വിദ്യകളും പ്രയോഗിച്ചു. ദിവസം കഴിയുന്തോറും ശിഷ്യന്മാർ വൎദ്ധിച്ചുതുടങ്ങി. അക്ഷരമാല പ്രയാസംകൂടാതെ പഠിക്കാൻ സാധിക്കുന്നതാകകൊണ്ടു ഓരോ ശിഷ്യന് ഉടനെ ഗുരുസ്ഥാനം ലഭിച്ചു. സമുദായത്തെ മുഴുവനും പഠിപ്പിക്കുവാനുള്ള ബാദ്ധ്യത ശിഷ്യന്മാരെ സെക്കോയ ഏല്പിച്ചു.

സെക്കോയയുടെ ഉദ്യമം എത്രത്തോളം മഹത്വമുള്ളതായിരുന്നുവെന്നു ചെറോക്കികൾക്കു് അധികകാലം താമസിയാതെ അനുഭവമായി. ഉടനെ അവരെല്ലാം കൂടിച്ചേൎന്നു ഒരു അച്ചുക്കൂടം സ്ഥാപിച്ചു സെക്കോയയെ ഏല്പിച്ചു. ഒരു വൎത്തമാനകടലാസ്സും തുടങ്ങി. ക്രമേണ അവരുടെ അജ്ഞതകളെല്ലാം ത്യജിച്ചു പരിഷ്കൃതലോകത്തിന്നൊപ്പം ജീവിക്കാൻ തങ്ങൾക്കും അൎഹതയുണ്ടെന്നു മനസ്സിലാക്കുകയും ചെയ്തു. ഒരു കൊല്ലംകൊണ്ടു തന്നെ അവരുടെ നില ഒന്നു മാറി. അമേരിക്കയിലെ ഗവൎമ്മേണ്ടു സെക്കോയയുടെ ആശ്ചൎയ്യകരമായ ഉദ്യമത്തിൻെറ ഫലമറിഞ്ഞു നാട്ടുകാരുടെ ക്ഷേമത്തിന്നുത്സാഹിക്കുന്നവരിൽ അഗ്രഗണ്യൻ എന്ന നിലയിൽ കൊല്ലത്തിൽ 60 പവൻ പെൻഷൻ അദ്ദേഹത്തിന്നു കല്പിച്ചുകൊടുത്തു.

ചെറോക്കികളിൽ അനേകം പേർ ഒന്നുകൂടി ഏതാനും കൊല്ലങ്ങൾക്കു മുമ്പു് സ്വരാജ്യം വിട്ടു വടക്കോട്ടു പോയിരുന്നുവെന്നു സെക്കോയ അറിഞ്ഞു. കാട്ടാളന്മാ

രെപോലെ അപ്പോഴുംജീവിച്ചുവന്നിരുന്ന ആ വകക്കൂട്ടരെ കണ്ടുപിടിച്ചു അവരുടേയും അറിവില്ലായ്മ നീക്കേണ്ടതിന്നായിരുന്നു സെക്കോയയുടെ പിന്നത്തെ ഉത്സാഹം. അദ്ദേഹം തന്റെ ദേഹസുഖക്കേടുകളെ ഒട്ടും ഗണ്യമാക്കിയില്ല. ആരുമറിയാതെ ഏകനായിട്ടായിരുന്നു സഞ്ചാരത്തിന്നു പുറപ്പെട്ടത്. ഒന്നാമത്തെ കുറി ഉദ്യമം സഫലീകരിക്കാതെ സെക്കോയ മടങ്ങേണ്ടിവന്നു. രണ്ടാമത്തെ യത്നത്തിൽ സഹോദരന്മാരെ കണ്ടുകിട്ടുവാനൊ തനിക്കു മടങ്ങിവരുവാനൊ സാധിച്ചില്ല. സെക്കോയ സ്വരാജ്യം വിട്ടുപോയി എന്നറിഞ്ഞപ്പോൾ അമേരിക്കൻ ഗവമ്മേണ്ട് അദ്ദേഹത്തെ മടക്കിവരുത്തുവാൻ കുറെ ആളുകളെ പറഞ്ഞയച്ചു. സ്ഥിരോത്സാഹിയായ ഈ ധീരപുരുഷൻ വഴിയിൽവെച്ചു മൃതിപ്പെട്ടുവെന്നറിഞ്ഞപ്പോൾ സമുദായാംഗങ്ങൾക്കു മാത്രമല്ല പൊതുജനങ്ങൾക്കും സക്കാർ ഭാരവാഹികൾക്കും വലിയ വ്യസനം ഉണ്ടായി. ലോകത്തിലുള്ള അക്ഷരമാലകളിൽ ഇംഗ്ലീഷു കഴിച്ചാൽ ഒന്നാമതായി നില്ക്കുന്നതു സെക്കോയയുടെതാണെന്ന് ഇന്നും ചില വിദ്വാന്മാർ അഭിപ്രായപ്പെടുന്നു. ചെറോക്കികൾ ഇപ്പോൾ ധനംകൊണ്ടും വിദ്യകൊണ്ടും അമേരിക്കയിൽ മുന്നണിയിൽ നിൽക്കുന്ന ഒരു സമുദായമാണ്. ഒരാളുടെ ബുദ്ധിയും ഉദ്യമവും ശരിയായി ഉപയോഗിച്ചതുകൊണ്ടു ഒരു സമുദായത്തിന്നുണ്ടായ മാററം എത്ര മഹനീയം!

---

SEN GUPTA MEMORIAL
PUTHIYARA.
READING ROOM & LIBRARY

# നീഗ്രോ സമുദായക്കാരുടെ
# നേതാവായ
# മാക്ക്സ് ഗാർവി.

സ്വാതന്ത്ര്യത്തിന്നുവേണ്ടിയാണെന്നും ന്യായപരിപാലനത്തിന്നാണെന്നും പറഞ്ഞു ചരിത്രകാരന്മാൎക്ക് ഇതുവരെ ഊഹിക്കാൻകൂടി പാടില്ലാത്ത നിലയിൽ അതിഘോരമായ യുദ്ധം കഴിഞ്ഞിട്ട കൊല്ലം അധികമായിട്ടില്ല. യുദ്ധരംഗം ഒന്നല്ല; പത്തല്ല; അനവധിയായിരുന്നു. ലോകത്തിൽ ഏററവും പരിഷ്കൃതന്മാരാണെന്നു കൊട്ടിഘോഷിക്കുന്ന ഇംഗ്ലീഷുകാർ, അമേരിക്കക്കാർ, ജൎമ്മൻകാർ, തുൎക്കികൾ, ബെൽജിയക്കാർ, ഇററലിക്കാർ, റഷ്യക്കാർ, ആസ്ത്രീയക്കാർ മുതലായ എല്ലാ കൂട്ടരും ഏതെങ്കിലും ഒരു ഭാഗത്തു ചേരാതിരുന്നിട്ടില്ല. ബുദ്ധിമാന്മാരും ചെറുപ്പക്കാരുമായ എത്രയോ ലക്ഷം പേരുടെ രക്തം ഈ പോൎക്കളത്തിൽ പുഴകളെന്നപോലെ നാലു കൊല്ലത്തോളം ഒഴുകിക്കൊണ്ടിരുന്നു. ഇവരിൽ നമ്മുടെ രാജ്യത്തിൽ പെട്ടവരും കുറച്ചൊന്നുമല്ല. എന്നാൽ കാൎയ്യമായ സമാധാനം നാം ഇന്നു കാണുന്നുണ്ടോ? ഇതാ ചൈനയിലെ കലാപങ്ങൾ; അതാ ബോൾഷേവിക്കുകാരുടെ കോലാഹലം; ഇന്ത്യയിൽ ഭരണസംബന്ധമായ കുഴപ്പങ്ങൾ; ലോകമൊട്ടുക്കും പണക്കാരും പണിക്കാരുമായുള്ള സ്വരച്ചേൎച്ചയില്ലായ്മ; ഇങ്ങിനെയെല്ലാം നാം കണ്ടുംകേട്ടും വരുന്നു.

ഇപ്പോൾ "നീഗ്രോ" സമുദായക്കാരും ഉറക്കമുണർന്നിരിക്കുന്നുപോൽ. അനവധി കാലമായിട്ടു അടിമകളായി ജീവിതം നയിച്ചിരുന്ന നിഗ്രോക്കാർ അവരുടെ പൌരുഷം കാണിക്കുവാൻ ഒരുമ്പെട്ടിരിക്കുന്നു. മാർക്കസ് ഗാർവ്വി എന്ന ധീരൻ ലോകത്തിലുള്ള നീഗ്രോവർഗ്ഗക്കാരെയെല്ലാം അവരുടെ ആവാസസ്ഥലമായ ആഫ്റിക്കായിലേക്കു തിരിച്ചുകൊണ്ടുപോകുവാനും വലിയ ഏർപ്പാടുകൾ ചെയ്തുവരുന്നുണ്ട്. ഈ നീഗ്രോ നേതാവ് പച്ചയും ചുകപ്പും നിറങ്ങളുള്ള ഒരു വസ്ത്രവും ധരിച്ചു തന്റെ സമുദായക്കാരുടെ ഇടയിൽ പോയി ഇടിമുഴക്കംപോലെയുള്ള സ്വരത്തിൽ പ്രസംഗങ്ങൾ ചെയ്തു, അവർ അനുഭവിച്ചതും അനുഭവിക്കുന്നതുമായ സങ്കടങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട് അവരുടെ മനസ്സിളക്കുന്ന കാഴ്ച കാണേണ്ടതാണത്രെ. സംഘബലമുണ്ടാക്കി, ആഫ്റിക്കാഭൂഖണ്ഡം കൈവശപ്പെടുത്തി, കൈത്തൊഴിലുകൾ ഏർപ്പെടുത്തി, കായികാഭ്യാസം മുതലായതു ശീലിപ്പിച്ചു സമുദായത്തിന്റെ നില ആകപ്പാടെ ഒന്നു നന്നാക്കിത്തീർക്കേണമെന്നാണ് ഗാർവ്വിയുടെ ഉദ്ദേശം. ഒരു അമേരിക്കക്കാരനോ ഇംഗ്ലീഷുകാരനോ വല്ല ദിക്കിലും വല്ല ബുദ്ധിമുട്ടുകളും നേരിട്ടാൽ അവയെപ്പററി അന്വേഷിച്ചു പ്രവർത്തിക്കുവാൻ ആ വക ഓരോ രാജ്യങ്ങളിലെ സർക്കാർ എന്ന ഒരു ശക്തി പിന്നിൽ ഉള്ളതുപോലെ നീഗ്രോക്കാർക്കും വേണമെന്നാണ് അദ്ദേഹം അവരോട് ആവശ്യപ്പെടുന്നത്. അമേരിക്കയിൽ ന്യൂയോർക്ക്പട്ടണത്തിൽ ഒരു സ്ഥാപനം ഏർപ്പാടുചെയ്തു തന്റെ സമയവും ശക്തിയും ധനവും അതിന്നായി ചെലവുചെയ്തുവരുന്നു. ഈ ഏർപ്പാടുകൾ തുട

ങ്ങിട്ട ഏകദേശം 10കൊല്ലത്തോളമായി. ആദ്യം പതിനഞ്ചു ശിഷ്യന്മാർകൂടി ഉണ്ടായിരുന്നില്ലെങ്കിലും ഇപ്പോൾ 40 ലക്ഷം പേർ ഈ മഹാന്റെ അനുഗാമികളായിരിക്കുന്നു. ഗാർവ്വിയുടെ പല ഉദ്യമങ്ങളിൽ ഒന്ന്, നീഗ്രോക്കാരുടെ വക ഒരു കപ്പൽക്കമ്പനി ഏർപ്പാടാണ്. ഈ കമ്പനിയുടെ പേർ "കറുത്ത നക്ഷത്രം" എന്നാണ്. ഇപ്പോൾ കുറേ വലിയ കപ്പലുകളും തോണികളും ഈ കമ്പനിസ്വത്തായി അങ്ങുമിങ്ങും ഓടിക്കൊണ്ടിരിക്കുന്നുണ്ട്.

മാർക്കസ്ഗാർവ്വി ജെമേക്കക്കാരനായ ഒരു നിഗ്രോവാണ്. പ്രായം 42 വയസ്സിൽ അധികമായിട്ടില്ല. "ഈ ഏർപ്പാടിലേക്കു കുറേ പണം സംഭാവന ചെയ്യുവാൻ അമേരിക്കയിലെ ചില അടിമ ഉടമസ്ഥന്മാരോടു ചോദിക്കരുതോ?" എന്നു ഒരു അമേരിക്കക്കാരൻ ഗാർവ്വിയോടു ചോദിച്ചപ്പോൾ "ഇതു കറുത്ത മനുഷ്യരുടെ ഏർപ്പാടാണ്" എന്നാണത്രേ അദ്ദേഹം ഉത്തരം പറഞ്ഞത്. തന്റെ അഭീഷ്ടത്തിന്നനുസരിച്ചു ഉത്സാഹിക്കുവാൻ പ്രേരിപ്പിച്ചു മുഖ്യസംഗതി ഇപ്രകാരമാണെന്ന് ഈ മഹാൻ തന്നെ പറയുന്നു:—

"അമേരിക്കയിലെ സ്വാതന്ത്ര്യജനകനെ (Father of American Independence) കണ്ടു നമസ്കരിക്കുവാൻ ഞാൻ ഒരു ദിവസം വാഷിങ്ങ്ടൻ പട്ടണത്തിൽ മോൺട്വെർണർ എന്ന സ്ഥലത്തു പോയിരുന്നു. അനേകായിരം ജനങ്ങൾ അവിടെ പോയി മടങ്ങുന്നതു ഞാൻ കണ്ടു. പടിവാതിലിന്നു സമീപം എത്തിയപ്പോൾ കൂട്ടംകൂട്ടമായി ജനങ്ങൾ അകത്തേക്കു കയറുകയും, പുറത്തേക്കു

ഇറങ്ങുകയും ചെയ്യുന്നതായും കണ്ടു. ഞാനും കൂടെ പോയി. ധർമ്മസംസ്ഥാപനത്തിന്നായി ധർമ്മംതന്നെ മൂർത്തീകരിച്ചു ജനിച്ചതൊ എന്നു തോന്നിക്കുന്ന ആ മഹാധീരൻെറ ശവകുടീരം ഞാനും കണ്ടു വന്ദിച്ചു. ക്ഷേത്രത്തെയോ പള്ളിയേയെ പോലെ ഭക്തിബഹുമാനത്തോടുകൂടി കരുതിവരുന്ന മഹത്തായ ആ സ്ഥലം കുറേനേരം ഞാൻ നോക്കിനിന്നുപോയി. അപ്പോൾ എന്നിൽ സല്കർമ്മപ്രേരകമായ ഒരു വലിയ ആഗ്രഹം ജനിച്ചു വശായി. എല്ലാം ഒരു നിമിഷംകൊണ്ടു കഴിഞ്ഞുകൂടി. "നീഗ്രോസമുദായക്കാരും ലോകരംഗത്തിൽ ധർമ്മസ്ഥാപനത്തിന്നുവേണ്ടി പോരാടേണ്ടുന്ന കാലം അതിക്രമിച്ചിരിക്കുന്നു തനിക്കു താൻ ചെയ്യുന്നതുപോലെ തനിക്കുവേണ്ടി മറെറാരുത്തനും ചെയ്യാൻ സാധിക്കയില്ല എന്ന വിലയേറിയ പാഠം പുരുഷപ്രയത്നം ഒന്നുകൊണ്ടു മാത്രമെ അനുഭവപ്പെടുകയുള്ളൂ. ഈ നൂററാണ്ടിൽ സ്വാഭിമാനവും ആത്മവിശ്വാസവും നശിച്ചു മുന്നോട്ടു പോകുവാൻ പ്രാപ്തിയും നെഞ്ഞൂക്കുമില്ലാത്ത യാതൊരു സമുദായത്തിന്നും ജീവിച്ചിരിക്കാൻ അർഹതയില്ല. 250 കൊല്ലങ്ങളോളം അടിമകളായ ഒരു സമുദായമായി ഞങ്ങൾ ജീവിച്ചു. ഇനി ഇതെല്ലാം ഉപേക്ഷിക്കുവാൻ വിചാരിക്കുന്നു. ഭയം എന്ന വ്യാധി ശമിച്ചു, ദാസ്യബുദ്ധി ഇല്ലാതായി, അപേക്ഷകളും ഇരപ്പാളിത്തരവും മതിയാക്കി പരിഷ്കൃതലോകത്തിൽ ഇതുവരെ പുച്ഛരസത്തോടുകൂടി വിചാരിച്ചുവരുന്ന നീഗ്രോക്കാരും പുരുഷത്വത്തിന്നും പൂർണ്ണസ്വാതന്ത്ര്യത്തിന്നും വേണ്ടി, ധൈര്യത്തോടെ പുറപ്പെടേണ്ട സമയം

അതിക്രമിച്ചു. ഓരോരുത്തക്കും എന്നു മാത്രമല്ല, ഓരോ
സമുദായത്തിന്നും സ്വാതന്ത്ര്യമുണ്ടായിരിക്കേണ്ടതാണ്.
പുരുഷന്മാരുടെ ഇടയിൽ പൌരുഷമുള്ളവരായും സമു
ദായജീവികളായും ഇരിക്കുവാൻ അവശ്യം ആവശ്യമായ
സ്വാതന്ത്ര്യമോ ഉണർച്ചയോ അടിയും ചവിട്ടുംകൊണ്ടുഴ
ലുന്ന പാവപ്പെട്ട സമുദായക്കാരായ ഞങ്ങൾക്കു ഇതുവ
രെ ഉണ്ടായില്ല! കഷ്ടം!" ഇങ്ങിനെയെല്ലാം പെട്ടെന്നു
മാർക്കസ്ഗാർവ്വിക്കു തോന്നിപോൽ. നീഗ്രോ സമുദായ
മനോമണ്ഡലത്തിൽ ഒരു പുതിയ ജീവനും ജാഗ്രതയും
കൊടുക്കുന്ന സൂര്യൻ ഉദിച്ചുതുടങ്ങിയിരിക്കുന്നു. അവ
ർ ഓരോരുത്തരുടെ സ്വാർത്ഥപരമായ കാര്യത്തിന്നല്ല ഉ
ത്സാഹിക്കുന്നതെന്നും, പൊതുവിൽ ഉണ്ടാകുവാനുള്ള അ
ഭ്യുദയത്തിന്നാണ് പ്രവർത്തിക്കുന്നതെന്നും എല്ലായ്പോഴും
ഓർക്കേണ്ടതാണ് എന്നു ഗാർവ്വിയും ശിഷ്യഗണങ്ങളും ഉ
ച്ചത്തിൽ പ്രസംഗിച്ചും, ഇങ്ങി പ്രവർത്തിച്ചുകാണിച്ചും
തുടങ്ങിയിരിക്കുന്നു. ആകപ്പാടെ നോക്കുന്നതായാൽ മനു
ഷ്യജാതി ഒന്നാണെന്ന തത്വം മറന്നു ഈശ്വരന്റെയൊ
മതത്തിന്റേയോ, നിറത്തിന്റേയോ, ജാതിയുടേയോ
പേരും പറഞ്ഞു കാട്ടിക്കൂട്ടുന്ന അനീതികളുടേയും അഴിമ
തികളുടേയും ചരമഗീതം പാടിപ്പോയി എന്നായിരിക്കു
മോ ഇതെല്ലാം ചൂണ്ടിക്കാണിക്കുന്നത്?

* 

SEN GUPTA MEMORIAL
PUTHIYARA.
READING ROOM & LIBRARY

# ഭാരതീയ വൈദ്യശാലാ.

ഇവിടെ ആയുർവ്വേദം, ചിന്താമണി മുതലായ വൈദ്യശാസ്ത്രപ്രകാരവും പ്രത്യേകിച്ച് ബാലചികിത്സപ്രകാരവും ഉള്ള എണ്ണ, കഴമ്പ്, നെയ്യ്, ലേഹം, ആസവം, അരിഷ്ടം, ഭസ്മം, സിന്ദൂരം, ഗുളിക, മെഴു മുതലായ എല്ലാ മരുന്നുകളും സത്യമായും കൃത്യമായും വൈദ്യന്റെ മേൽനോട്ടത്തിൽ ഉണ്ടാക്കി മിതമായ വിലക്കു വിററുവരുന്നു. രോഗികളെ പരിശോധിച്ചു ചികിത്സിക്കും. ഔഷധപട്ടിക ഒരണസ്റ്റാമ്പയച്ചു തരുന്നവൎക്ക് അയച്ചുകൊടുക്കും. ഞങ്ങളുടെ പാരമ്പൎയ്യവഴിക്കുള്ള കരപ്പനുള്ള ശാരിബാരിഷ്ടവും വെളിച്ചെണ്ണയും ഉപയോഗിച്ചാൽ കരപ്പന്റെ സുഖക്കേടു കുട്ടികൾക്കു നിശ്ശേഷം മാറുന്നതാണ്. താഴെ കാണുന്ന മേൽവിലാസത്തിൽ എഴുതുവിൻ.

പി. വി. നമ്പിശ്ശൻ,

മാനേജർ—ഭാരതീയ വൈദ്യശാലാ, മലപ്പുറം.

(സൌത്ത്മലബാർ)

## ഈ ഗ്രന്ഥകൎത്താവിന്റെ

# പുസ്തകങ്ങൾ.

| | | | | |
|---|---|---|---|---|
| | | കം. | ണം. | പം. |
| 1 | ശ്രീനാരായണഗുരു (ഛായാപടത്തോടു കൂടി) നിൎവ്വാണംവരെ ഈ മഹാന്റെ ജീവചരിത്രചുരുക്കവും ഉപദേശങ്ങളും അടങ്ങിയിരിക്കുന്നു. | 0 | 3 | 0 |
| 2 | ബുദ്ധഭഗവാന്റെ ഉപദേശങ്ങൾ. | 0 | 3 | 0 |
| 3 | വിധിയോടു പൊരുതിയ ചില ധീരാത്മാക്കൾ. | 0 | 4 | 0 |
| 4 | പത്രരംഗത്തിലെ നെപ്പോളിയന്മാർ | 0 | 4 | 0 |
| 5 | ജീവിതവിജയത്തിന്റെ രഹസ്യങ്ങൾ | 0 | 4 | 0 |

N. B. 2-ം, 4-ം, 5-ം നമ്പ്രുകൾ ഉടനെ പ്രസിദ്ധപ്പെടുത്തുന്നതാണ്. പുസ്തകങ്ങൾക്കു നേരിട്ടു എന്നോടാവശ്യപ്പെടുവിൻ.

ഗ്രന്ഥകൎത്താവ്:—കോട്ടായി കുമാരൻ,

തലശ്ശേരി.

☞ പുസ്തകവ്യാപാരികളായ "കെ. ആർ. ബ്രദർസ്, കോഴിക്കോട്" എന്ന മേൽവിലാസത്തിൽ എഴുതിയാലും മതി.

എമ്പയർ പ്രസ്സ്, കോഴിക്കോട്.

f 540
920
Indic Digital Archive Foundation
gpura.org